
കാക്ക
പങ്ക്
കൊല്ലം ശ്രീനാരായണ കോളേജ്
മാഗസിൻ 2019 - 2020

*“Get out of here and leave me alone.
Last words are for fools
who haven't said enough already.*

*- Karl Heinrich Marx*

നാക്കില പപ്പെനിയ്ക്കു തരിൻ
പൂക്കില പൂടയെനിയ്ക്കു തരിൻ
കൈതോല വാലെനിയ്ക്കു തരിൻ
തീപ്പൊരി ചേലെനിയ്ക്കു തരിൻ
പുത്തരിയങ്കമെനിയ്ക്കു തരിൻ

- സച്ചിദാനന്ദൻ ( കോഴിപ്പങ്ക് )



Chief Editor : Dr.R. Sunil Kumar
Staff Editor : Adheesh U.
Student Editor: Shiju S.
Sub Editors : Lekshmi S., Aadithya Sai Sankar.

Magazine Committee : Akhil Prasannan,
Rishana A., Jayaprakash P., Akshay Gitanand,
Femina Thomas, Seetha Lekshmi A., Abhiram S.

Design & Layout : Febi P.V
( Former student of SN College, Kollam )

Printed at :
Sunil Offset Printers, Kadappakkada

@febi_klm

*Sources : GettyImage Archives, Unsplash , Eunoians
Shutterstock, All images are copyright to their respective owners.*




മുറിക്ക് പുറത്ത് ജീവന് കാവൽ
കിടന്ന എല്ലാവർക്കും നന്ദി

കിളികളാകുന്നതേയില്ല, കാക്കകൾ
കാക്കകൾ മാത്രമാണെവിടെയും
സ്വരങ്ങളാകുന്നതേയില്ല, കാക്കകൾ
കാറലുകൾ മാത്രമാണെവിടെയും.

സി.എസ് രാജേഷ്
കാക്ക പാതി

# കാക്ക
# വീങ്ക്

**കൊല്ലം ശ്രീനാരായണ കോളേജ്**
**മാഗസിൻ 2019 - 2020**



## SREE NARAYANA GURU

‘ചരിത്രത്തെ അഗാധമാക്കിയ ഗുരു’

- കെ പി അപ്പൻ




R SHANKAR
( FOUNDER OF SN COLLEGES )



SRI VELLAPPALLY NATESAN
( MANAGER )




**Dr. R SUNIL KUMAR**
**( PRINCIPAL, S N COLLEGE , KOLLAM )**


വംശീയത തീണ്ടാത്ത ഫാസിസ്റ്റില്ല

## A THING OF BEAUTY IS NOT A JOY FOREVER

# WOE OF KASHMIR



Vinayakan of Economics department here interviewing Afreen Faridi hailing from Kashmir & currently doing PhD at JNU. Afreen is an academic researcher with a great interest heterodox and pluralistic approaches. He completed his Masters from Jamia Millia Islamia in Public Administration. His works include a published paper on Child Labour & writings on Kashmir.

**1. What was the condition of internet connectivity in J&K before and after lockdown ? Are the miseries of Kashmiri students limited to 2G connection, resulting in a digital divide leading to further alienation of a marginalized student society?**

High Speed Internet was snapped in J&K for more than a year which is the longest shutdown of Internet. But this is not a new thing, internet shutdowns have been happening in Jammu & Kashmir even before that. The problem started even before the Covid Lockdown. Everyone in the country depends on the Internet to access applications for Jobs, Exams and Conferences; even notices by Administrative Departments come mostly via their websites and are not properly circulated through other accessible mass media, like newspapers. So the people even don't get informed about administrative decisions especially during an emergency such as the current pandemic. The situation worsens further for school children during the lockdown when the mode of teaching has shifted online and that NEP envisages greater privatisation of educational institutions. The privatisation of education sector & the lack of speedy internet may put Kashmir at a significant disadvantage. This denial of knowledge results in continued lack of opportunities for a people embroiled in conflict.






**2. How effectively was Covid-19 tackled in Kashmir which is not still discussed much in media? Shall we say the public health system in Kashmir is effective?**

The infrastructure in Health Care Sector has always been poor subject to high rate corruption in state, due to its lack of accountability & prioritising of the conflict resulting in public services put on the back berth. Lack of institutions of accountability and transparency have resulted in malfeasance such as rising number of fake medicines sold in the state.

After the last year's clamp down, people found it increasingly difficul to reach hospitals in time of medical emergencies. There have been cases, where pregnant women died on the way to government hospitals due to travel restrictions.




With regards to Covid Care , in addition to lack of ventilators, PPE Kits, the doctors are denied proper internet connectivity for understanding advancements in Covid-care and coordinating with outside doctors to develop strategies for dealing with the pandemic. This is why in J&K, Kashmir was especially notorious for very high rise of Covid cases due to medical mismanagement not by the doctor but the

administration.

**3. What is the current status of local self-government in Kashmir ? Is it active ? How far it could tackle the covid-19 situation?**

Local Self Government in J&K has been as contentious issue in state due to the politics. The local body elections were held in state last year, while no other elections were held in during this course of time. The problem is that the local body, is reduced to a location of power tussles between the state parties and BJP and not acting as administrative organ like in Kerala. The local parties boycotted the election owing to political interference & lack of transparency.

**4. What is the extent of unemployment in J&K?**

The state government is largest employer and provider of services in the region. But, over years there has been a decrease of employment opportunities provided by the state government.

Not only non-technical but, even technically trained youth are denied employment as the state service exams are constantly postponed & irregularly held. According to a study conducted by CMIE the unemployment rate in Jammu Kashmir, was 5.2% in May 2020 ,well below the national average of 23.5% .

The problem with employment in J&K is its lack in sectoral diversity . Most people are either self-employed in agriculture or tourism sector. Once any of these sectors are afflicted there is rapid job losses and distress amongst people. Even with high literacy rate in the state there is massive unemployment in the region.

**7. Could you draw a picture on the condition of higher education institutions in the state ?**

There are many barriers to Higher Education in the state. This includes less number of technical colleges and high coaching fee for Medical and Engineering entrance which poor rural locals cannot afford. The technical colleges are also mostly in towns, which reduces the accessibility of such institutes to rural children. Government has managed to open satellite campus of many national institutes like IITs &AIIMS. Being the Union Territory there will be national –level competitions in getting in to these Universities, locals will be at a detriment due to closure of schools since the abrogation of Article 370 and the lack of internet to access online classes.

**8. What is the state of Poverty in Kashmir?**

The housing and infrastructure sector of J&K is mostly self-driven by the people, there isn't a lot of government spending in this sector. Barring urban areas, houses are constructed by members of the family inhabiting them. Locals don't live in slums but, economic migrants from (central) India and refugees from Myanmar have set up slums on the outskirts of the city and inhabit them. The locals practise subsistence agriculture in small patches of land which are a part of their



property. This keeps much of Kashmiri population from being famished due to poverty. Thus, the day to day life of Kashmiri is manageable but, medical emergencies immediately pushes them into penury and debt.

**9. Have you ever been to Kerala? What do you think is the most promising among the socio political aspects of Kerala? Do you think Kerala is different from the rest of India?**

I unfortunately haven't visited Kerala yet. My brother has visited there and also I do have quite a lot of friends from Kerala. Even as a child I knew and I was fascinated about high literacy rate in Kerala.

Being a social science student I know the success of the state government there, not just regarding Covid but in general, the public distribution system, where people are treated as citizens & not as consumers. The food culture of Kerala always brings water to my mouth. I always want to come there and taste the sea-food.

**10. As a student of social science what do you think is the most relevant issue that need an academic intervention with regards to Kashmir?**

Not only specific to Kashmir but, India as a whole should look into its post-colonial policies, especially the idea of federalism. There has been excessive centralisation after the pace of strong regional parties emerging in various parts of the country especially South India such as RJD, DMK, AIDMK. People forget that India is a union of states, one representing diverse ethno-linguistic communities. Thus, we need decentralisation to strengthen the federal structure unlike over centralisation where regional interests are lopsided.

**11. Have you faced any sort of discrimination from the professors or student society in JNU campus? How difficult is the life of a Kashmiri Muslim in Delhi ?**

I have been to Delhi even before, I joined Jamia Millia. The biggest challenge of being a Kashmiri Muslim was to get a place to stay. There is an ugly political-economy plays out to ghettoise Muslims, where even if we are willing pay, we are denied housing in colonies with good infrastructure. Delhi is never safe for us, people always judge and make stereotypical comments. Thus, we are always on guard expecting a potential threat of discrimination & violence. If it were not for good education and employment, Delhi in itself holds no merit for us. I would never want to set up a family in Delhi, it is a toxic city. I have privilege of being man but, the situation of Kashmiri women is even worse as they are sexualised, fetishized and harassed by men there.

12. Born on the boundless beauty of paradise what picture did it carve in you as a child ? What do you realize from the Kashmir landscape looking at it from the perspective of an adult?

Sorry I won't answer that question. It is not only personal but, the question comes from a narrative which perpetuates fetishism of Kashmir and its people.

**13. Could you elaborate your thoughts on non-locals fetishizing on the beauty people and landscape of Kashmir? What do you think is the politics behind it?**

The problem is that you are reducing a community and their land merely to its aesthetic value. It is like people are coming to you and liking you because of the colour of the skin and they only look at surface & see land which must be colonised. Thus, this thing of beauty becomes a desire. You desire to own the body. You find it beautiful and its value is limited to such a character.

When people like Savarkar ask Indians to use rape as a political tool, this falls into that whole narrative, where you look to the bodies of men and women only because its physically desirable and



needs to be violently conquered; its same physical desire over the nature.

The fact is that everyday young people are killed in Kashmir, then what is the point of being beautiful. It is not wrong to say a place is beautiful but, there is a politics of aesthetics which invisiblize the everyday violence Kashmiris face. Thus, the problem is that one becomes something of an exotic value, i.e., that your value exists only in the eyes of the outsider and until they feel it worthy. The whole-innate being as a Kashmiri is sidelined for an outer shell which holds value in the eyes of others. It shouldn't matter what our skin colour is, it should not matter what landscape we have.

This objectification reduces us to ours physical form, which we have no control over, while our voices are silenced. A thing of beauty is not a joy forever! The only joy forever is being healthy and safe, there is no joy in anything else.




ഇവിടെ
ബ്രാമണിക്കൽ കാക്കയില്ല ,
പ്രകൃതിയാകുന്ന കാക്കയേ ഉള്ളൂ..

കണ്ണി പൊട്ടുന്നുണ്ടെങ്കിലും ;
ചരിഞ്ഞും , മറിഞ്ഞും
നോക്കുക. കണ്ണി പൊട്ടാത്ത
നേർത്ത ചങ്ങല കാണാം.
ഒന്നു കൂടെ പറയട്ടെ ,
വെള്ള കാക്കയെ നിങ്ങളെടുത്തോ
എനിക്ക് കറുത്ത കാക്കയെ
തന്നാൽ മതി...!



**ഷിജു.എസ്**
സ്റ്റുഡന്റ് എഡിറ്റർ

# MAGAZINE COMMITTEE


SHIJU S - STUDENT EDITOR


ADHEESH U - STAFF EDITOR


LAKSHMI S - SUB EDITOR



ADITHYA SAI - SUB EDITOR


AKHIL PRASANNAN


RISHANA A


JAYAPRAKASH P


AKSHAY GITANAND


FEMINA THOMAS


SEETHA LEKSHMI A


ABHIRAM S

# UNION MEMBERS



**VISHNU A**
CHAIRMAN



**AVANY V ROY**
GENERAL SECRETARY



**MUBEENA T**
VICE CHAIRPERSON



**SAMBHU PARTHASARATHY**
ARTS CLUB SECRETARY



**SHIJU S**
MAGAZINE EDITOR



**ARAVIND M**
U.U.C



**AAISHA BABU**
U.U.C



**SAITHALI**
SPORTS CLUB SECRETARY



സസൂക്ഷ്മം പരിചരിക്കുകയാണ് ,

മുഖ്യധാരയിൽ നിന്നും വഴിമാറി നടന്നുകൊണ്ട് പല തരത്തിൽ സമൂഹ ജീവിതത്തിന്റെ ശരികൾ ഏറെയുള്ള ശ്വാസകോശങ്ങളായ ഈ അരിക് ജീവിതങ്ങളെ 'കാക്കപ്പെങ്കു'കളെ അതി സൂക്ഷ്മമായി അവതരിപ്പിക്കുന്നതിനുള്ള ശ്രമമാണ് കാക്കപ്പെങ്ക്. നിങ്ങളുടെ തിരക്കുകൾക്കിടയിലും ഈ കറുപ്പഴകുള്ള പ്രതിബദ്ധതയുള്ള മുറിയെ കൂടി പരിഗണിച്ചേക്കുക...

അധീശ് യു
സ്റ്റാഫ് എഡിറ്റർ

**"ദേ ഒരു പച്ചക്കണിയാൻ!! അച്ഛൻ കാശ് അയച്ചിട്ടുണ്ടാവും ഇല്ലേ അമ്മേ"**

# പച്ചക്കണിയാൻ



പച്ചക്കണിയാൻ വീട്ടിൽ വന്നാൽ കാശ് വരുമെന്ന് അമ്മ പറഞ്ഞിട്ടുണ്ട്. അപ്പോഴത്തെ അവന്റെ സന്തോഷം പറഞ്ഞറിയിക്കാൻ കഴിയില്ലായിരുന്നു. കാശ് വന്നാൽ ശക്തിമാന്റെ പടമുള്ള കുട വാങ്ങി തരാമെന്ന് അമ്മ പറഞ്ഞിരുന്നു. അവന് ആകെ ഉള്ളത് വില്ലൊടിഞ്ഞ ഒരു കറുമ്പി കുട ആണ്. അതാണെങ്കിൽ കൂട്ടുകാരുടെ ആട്ടുംതുപ്പിന്റെ പ്രളയം നനഞ്ഞ് ആകെ അവശയുമാണ്. ശക്തിമാൻ എല്ലാത്തിനെയും ഇടിച്ച് തോൽപ്പിക്കാൻ കെൽപ്പുള്ളവനാണെന്ന് കൂട്ടുകാർ പറഞ്ഞ് കേട്ടിട്ടുണ്ട്.

എന്നാൽ പച്ചക്കണിയാൻ വന്ന് പോയിട്ട് ദിവസം അഞ്ച് ആയി കാശ് മാത്രം വന്നില്ല 'അതെന്താ അമ്മേ കാശ് വരാഞ്ഞെ???' റേഷനരിക്കഞ്ഞിയുടെ അവസാന വറ്റിൽ വീണുകിടന്ന ഈയലിനെ നുള്ളി എടുത്ത് അവൻ ചോദിച്ചു. അമ്മ ഒന്നും മിണ്ടിയില്ല. ആ അവസാന വറ്റ് ചുണ്ടോടടിപ്പിക്കവേ അമ്മ പറഞ്ഞു. ആ കരിവെട്ടില് മുന്നേ ബോംബെയിൽ എത്തിക്കാണും. അതാ പച്ചക്കണിയാനും കരിവെട്ടിലും തമ്മിൽ ഒരു ഓട്ട മത്സരം ഉണ്ടത്രെ, പച്ചക്കണിയാനാദ്യം ബോംബെയിൽ എത്തിയാൽ കാശ് വരും മറിച്ചായാൽ...............

അമ്മയുടെ മറുപടികേട്ട് ഒരു വലിയ ദീർഘ നിശ്വാസം ഇട്ട് എഴുന്നേൽക്കവെ മണ്ണെണ്ണ വിളക്കിന്റെ ആ പതിഞ്ഞ വെട്ടത്തിൽ ആ ചാണകത്തറയിൽ അവനൊരു കരി വെട്ടിലി നെ കണ്ടു. പതിയെ അവൻ അതിന്റെ അരികിലേക്ക് നിരങ്ങി പാത്രം എടുത്ത് അതിന്റെ മുകളിൽ കമഴ്ത്തി, ചെറു പേടിയോടെ അവനതിനെ കൈക്കുള്ളിലാക്കി പടിഞ്ഞാറേചായ്പ്പിലേക്ക് ഓടി അവിടെ കണ്ട ഒരു പഴയ ഡപ്പയിൽ അതിനെ അടച്ചുവച്ചു.

എന്നിട്ടതിൽ നാലു
കുഞ്ഞു  തുളയുമിട്ട്.
അതിനു ശ്വാസം
കിട്ടണ്ടെ.... മടങ്ങി എത്തി
പാത്രം എടുക്കവെ
വിളക്കിന്റെ ആ അവസാന
ആളിക്കത്തലിൽ അവൻ
ആ മൺഭിത്തിയിൽ ഒരു
പച്ചക്കണിയാനെ കണ്ടു.
ഓടിയതിന്റെയരികിൽ
എത്തിയ അവൻ ഒരു
നിമിഷം അതിനെ നോക്കി
നിന്നു.

ശേഷം പാത്രം കമഴ്ത്തി
അതിനെ ഒറ്റ അടി.
ഭിത്തിയിൽ പറ്റിയ ആ
ശവദേഹം ഒരു ചെറു
പുഞ്ചിരിയോടെ
കയ്യിലെടുത്തു.  മുറിയുടെ
ഒരു കോണിൽ അവന്റെ
പുസ്തകങ്ങൾ ഇരിപ്പുണ്ട്
അതിലെ
കേരളപാഠാവലിയുടെ താ
ളുകൾ അവൻ മറിച്ചു
നടുക്ക് എത്തവേ അവൻ
മോണകുട്ടി പല്ലുകൾ
മറച്ചു.

അവിടെ ഗർഭിണിയായ
മയിൽ പീലി ഇരിപ്പുണ്ട്...
പിന്നെയും രണ്ടു താള്
മറിച്ചു അവൻ ആ
ശവദേഹം അവിടെ വച്ച്
പുസ്തകം അടച്ചു.  ഒരു
നിറ ചിരിയോടെ അവൻ
അതിന്റെ മുകളിലേക്കു
തല ചായ്ച്ചു.

'ഉറക്കം...
'സ്വപ്നം...
'ശക്തിമാൻ!

രാവിലെ പനം പായിൽ
നിന്നുറക്കം എണീക്കവേ
അവൻ കണ്ടത് അമ്മ
അച്ഛന്
കത്തെഴുതുന്നതാണ്..
കത്തുകൾ അവനു രണ്ട്
കാരണത്താൽ
പ്രിയമാണ്.

# ഒന്ന്:

അച്ഛൻ മടങ്ങി
വരുമ്പോൾ ഈ
കത്തുകൾ കൊണ്ട്
മനോഹരമായ പൂക്കൾ
ഉണ്ടാക്കി കൊണ്ട് വരും
അവയ്ക്കൊക്കെ
ബോംബെയുടെ
മണമാണ്.

കഴിഞ്ഞ തവണ
കൊണ്ടുവന്ന പൂക്കൾക്ക്
ഇപ്പോഴും ആ മണം ഉണ്ട്

# രണ്ട്:

കത്തിന്റെ കൂടിൽ തുപ്പൽ
തേച്ചു ഒട്ടിക്കുന്നതു
അവനാണ്.

'കൊടയുടെ കാര്യം
എഴുതിയോ അമ്മേ...'

'മ്മ് എഴുതി'

'എന്നാൽ ഞാൻ ഒട്ടിക്കട്ടെ'
കത്തിന്റെ കൂടിൽ തുപ്പൽ
തേക്കവേ വാ അടച്ചു
പുസ്തകതാളിൽ നിന്നും
ആ മൃതദേഹം അവൻ ആ
കത്തിൽ ഇട്ടു.. എന്നിട്ട്
ഒട്ടിച്ചു

ഇപ്പോ തീർച്ചയായും
പച്ചക്കണിയാൻ
ബോംബെയിൽ എത്തും
കരിവെട്ടിൽ ഇവിടെ കാ
ണുകയും ചെയ്യും

ഇങ്ങനെ അവൻ
പത്തോളം
പച്ചക്കണിയാനെ
കൊല്ലുകയും അത്ര തന്നെ
കരിവെട്ടിലിനെ
സംരക്ഷിക്കുകയും
ചെയ്തു

ഇതവന്റെ ക്രൂരത അല്ല
ദാരിദ്ര്യം ആണ് ശക്തിമാൻ
കുടക്കു വേണ്ടിയുള്ള
പോരാട്ടമാണ്...

എന്നാൽ ഇന്നവന് ഒരു
വിഷമം ഉണ്ട്. അത്
ശക്തിമാൻ കുട കി
ട്ടാത്തതിൽ അല്ല അച്ഛൻ
കൊണ്ട് വരുന്ന ആ കടലാ
സ് പൂക്കൾക്ക് ഇനി ആ
മണം ഉണ്ടാകില്ല.. അതിനു
ശവപ്പറമ്പിന്റെ നാറിയ
ഗന്ധം ആകും
ഉണ്ടാവുക......!

**അമാസ് ശേഖർ**

**പണ്ട് പണ്ട്,**
**പണ്ട് പണ്ട് പണ്ട്,**
ഒരുപാട് പണ്ട് ,
ബുദ്ധനും പണ്ട് ,
ക്രിസ്തുവിനും പണ്ട് ,
സംഘം സാഹിത്യത്തിനും പണ്ട് ,
ഉൾക്കടലിൽ രാത്രചെയ്തിരുന്ന
കടൽ യാത്രികർ നാട്ടുകാക്കകളെ
കൂട്ടിലിട്ട് ഒപ്പം കൊണ്ടുപോയിരുന്നു.
ദിശ തെറ്റി കര ഏതെന്ന്
തിരിച്ചറിയാൻ കഴിയാത്ത സമയത്ത്
കൂട്ടിലെ കാക്കകളെ തുറന്നു വിടും.
പറന്നുയരുന്ന കാക്ക കര ലക്ഷ്യമാക്കി
നീങ്ങും. ഇതിനെ പിന്തുടർന്ന്
യാത്രികർ കരയിലെത്തും. കടലിൽ
നിന്നും നാട്ടുകാക്കകൾ കരഞ്ഞുകൊണ്ട്
വരുമ്പോൾ തീരപ്രദേശത്തുള്ളവർക്ക്
വിരുന്നുകാർ വരുന്നുണ്ടെന്ന് മനസ്സിലാകും.
അതാണ് കാക്കയുടെ വിരുന്നു വിളി.

# ഞങ്ങൾക്കൊപ്പം നിന്നവർ



ഡോ. ഷാജി എൻ
യൂണിയൻ അഡ്വൈസർ



അധീശ് യു
മാഗസിൻ അഡ്വൈസർ



ഡോ. ഡിദില ദേവദത്തൻ
ആർട്സ് അഡ്വൈസർ



ഡോ. സൗമ്യ ആർ വി
ആർട്സ് അഡ്വൈസർ

ഒരു മുറി തുണിയും,

ഒരായുധമാണ്.





# ആധുനിക പ്രതിരോധവും പ്രത്യാശയും

"നമ്മുടെ  ജനതയുടെ ശബ്ദം
കേൾക്കാനും പഠിക്കാനും
വിനിമയം ചെയ്യാനും വേണ്ട
ശബ്ദവും വാക്കുകളും
ഉച്ചരിക്കാൻ കൂടുതൽ
പരിശീലനം വേണം.
ആ വാക്കിനെ കണ്ടെത്തുക,
അതിനെ അനുസരിക്കുക.
ആ വാക്കിനെ ചതിച്ചാൽ
മനുഷ്യജീവിത ഗാഥയ്ക്ക്
എന്തർത്ഥം"

**ഹരിവിന്ദ് നാഥ് വി ബി**

മലയാളികൾക്ക് സുപരിചിതമല്ലാത്ത ഈ കവിതാശകലത്തിന്റെ രചന നിർവ്വഹിച്ചിരിക്കുന്നത് വരവര റാവു ആണ്. ഉംബർട്ടോ എക്കോ യുടെ 14 നിർവ്വചനങ്ങളിൽ പ്രത്യക്ഷമായി പെടാത്തതും പരോക്ഷമായി അതിന്റെ പരിധിയിൽ വരുന്നതുമായ സാഹചര്യങ്ങളിലൂടെ യാണ് നാം കടന്നു പോകുന്നത്. നിർവ്വചനങ്ങൾക്ക് പുത്തൻ മാനങ്ങൾ കൊടുക്കുന്ന ഒരു ദശകം! ആരാണ് പൗരൻ എന്ന് നിർവ്വചിക്കുന്നു, എന്താണ് ഭരണമെന്ന് നിർവചിക്കുന്നു, ഏതാണ് വസ്ത്രം എന്ന് നിർവചിക്കപ്പെടുന്നു, ഏതാണ് ഭാഷയെന്നും എന്താണ് സംസ്കാരം എന്നും നിർവ്വചിക്കപ്പെടുന്നു.

ഇവയിൽ പുതിയ
നിർവ്വചനങ്ങൾ
സത്യാനന്തര
കാലഘട്ടത്തെ
പ്രതിഫലിപ്പിക്കുന്നു
എന്ന് വരുമ്പോഴാണ്
നിർവ്വചനങ്ങളുടെ
മുഖംമൂടി
രാഷ്ട്രീയത്തിലെ
ജനാധിപത്യ
മേൽപ്പടിയിലുള്ള
സ്വേച്ഛാധിപത്യ
രാഷ്ട്രീയത്തിൽ
ഫ്രാൻസിസ്
ഫുക്കുയാമമാർ
'ചരിത്രത്തിന്റെ അന്ത്യം'
പോലുള്ള പുസ്തകങ്ങൾ
രചിക്കുന്നത്.
ഇത്തരം ദേശീയതാ
ബോധത്തിന്
സങ്കുചിതമായ
കാഴ്ചപ്പാടുകൾ
ദേശാഭിമാനത്തിന്റെ
അപരവൽക്കരണം
സർവ്വദേശീയതയുടെ
വസ്തുതാവിരുദ്ധമായ
കണ്ണിചേർക്കലുകൾ,
മനുഷ്യവംശസാഹോദര്യ
ത്തിൽ പുതിയ
ഭരണഘടനയുടെ
അടിച്ചമർത്തലുകൾ
ആധുനിക ഇന്ത്യൻ
രാഷ്ട്രീയത്തിന്റെ ദേശീയ
കവി കൂടിയായ
രവീന്ദ്രനാഥ ടാഗോറിന്റെ
വാക്കുകളുമായി
അസ്വാരസ്യപ്പെടുത്തുന്നത്.
'രാജ്യസ്നേഹം നമ്മുടെ
അന്തിമമായ ആത്മീയ
അഭയം അല്ല എന്റെ
അന്തിമ അഭയസ്ഥാനം




മനുഷ്യവംശമാണ്,
ജീവിച്ചിരിക്കുന്നിട
ത്തോളം കാലം
മനുഷ്യവംശത്തിനു
മേൽ വിജയം നേടാൻ
രാജ്യസ്നേഹത്തെ ഞാൻ
അനുവദിക്കില്ല'

കാലം ഇനിയും ഉരുളും
എന്ന കവി വചനത്തിൽ
ടാഗോറിനെ വാക്കുകൾ
അലയൊലികൾ
ആകുമ്പോൾ പറയുന്നത്
ഭരണകൂട ഭീകരത,
മതനിന്ദ, ആവിഷ്ക്കാര
സ്വാതന്ത്ര്യം,
അധികാരികൾ
രാജ്യവിരുദ്ധർ എന്നീ
സംജ്ഞകളുമായി
ബന്ധപ്പെടുകയും
അവർക്കുമേൽ

ദേശീയതയുടെ വരേണ്യത
അക്രമണോത്സുകതയിൽ
ഊന്നിയ ആധിപത്യം
സ്ഥാപിക്കുകയും അതിനെ
ജനാധിപത്യത്തിന്റെ
അഞ്ചാം തൂണായ
കലാലയങ്ങളിൽ
പ്രായോഗികമാക്കുകയും
ചെയ്യുന്നു. വിദ്യാഭ്യാസ
മെന്ന സംജ്ഞയുമായി
ഏറ്റവും അടുത്ത്
ബന്ധപ്പെട്ടു നിൽക്കുന്ന
പണ്ഡിതനായ
പൗലോഫ്രയർ
വിദ്യാഭ്യാസ കാഴ്ചപ്പാട്
വിശദമാക്കിയ
പുസ്തകത്തിന്
കൊടുത്തിരിക്കുന്ന പേര്
'മർദ്ദിതരുടെ ബോധനശാ
സ്ത്രം' എന്നായിരുന്നു.
പരിണിത പ്രജ്ഞരായ

ജനതയോട് പുസ്തകം എടുക്കാനും അതുപയോഗിച്ചു പ്രതിരോധം സൃഷ്ടിക്കാനും പറഞ്ഞ പൗലോയഫ്രയറുടെ പിൻഗാമികൾ പഠിക്കുന്ന കലാലയങ്ങൾക്കാണ് ആധുനിക ഇന്ത്യ സാക്ഷ്യം വഹിക്കുന്നത്. ഐഷിഘോഷിനെ പോലുള്ളവർ പഠിക്കുന്ന ഭാരതത്തിലെ കലാലയങ്ങൾ പൗരനെ കുറിച്ചും പൗരത്വത്തെക്കുറിച്ചും, പരുത്തി കുരുവിനെ കുറിച്ചും ചർച്ചചെയ്യുന്നുണ്ട്. ചാണകവും, ചന്ദ്രയാനും ചർച്ചകളിൽ ഉൾപ്പെടുത്തും. മതനിരപേക്ഷതയും, മതാധിപത്യവും, മതവിധേയത്വവും ഒരുപോലെ പ്രതിരോധത്തെയും പ്രത്യാശയുടെയും പാഠങ്ങൾ പഠിക്കുകയും പഠിപ്പിക്കപ്പെടുകയും ചെയ്യും. 18 വയസ്സിനും 25 വയസ്സിനും ഇടയിലുള്ളവർ ലോകത്തിൽ തന്നെ ഏറ്റവും കൂടുതലുള്ള രാജ്യമായ ഇന്ത്യയിൽ കലാലയങ്ങളിൽ അല്ലാതെ മറ്റെവിടെയാണ് ജനതയുടെ ശബ്ദം കേൾക്കാനും, പഠിക്കാനും വിനിമയം ചെയ്യാനും അനുപേക്ഷണീയമായ വാക്കിനെ കണ്ടെത്തുക . ഇന്ത്യയെ നയിക്കേണ്ട ഭാവി വാഗ്ദാനങ്ങളെ കണ്ടെത്തുക എന്ന ചോദ്യം ഇന്ത്യൻ പൊതുബോധത്തിൽ മുഴങ്ങുന്നതാണ് സമകാലിക ഇന്ത്യയിൽ കാണുന്നത്. 1947 ഇന്ത്യക്ക് സ്വാതന്ത്ര്യം കിട്ടിയ കാലഘട്ടത്തിന്റെ തുടർച്ചയിൽ, 1955 ൽ ആരാണ് പൗരൻ എന്ന ഭരണഘടന വ്യക്തമായി നിർവഹിച്ചു കഴിഞ്ഞതിൽ നിന്നും 2019 എത്തിനിൽക്കുമ്പോൾ പൗരന്റെ നിർവ്വചനം ന്യൂനപക്ഷ-ഭൂരിപക്ഷ ചട്ടക്കൂടിൽ ആകുന്നു . 1947 ഇന്ത്യൻ ശിരസായ കാശ്മീർ വിന്യാസത്തിന്റെ കരാറിൽ പുറത്തുയർന്നു നിന്നതിൽ നിന്നും 2019 ആകുമ്പോൾ ശിരസ്സിനെ വെട്ടിമുറിക്കപ്പെട്ട സ്വകാര്യത മൗലികാവകാശ സമസ്യയിൽ പെടുന്നു, ആൾക്കൂട്ട കൊലപാതകങ്ങളും ആൾക്കൂട്ട നീതിയും പുഷ്പവൃഷ്ടിക്ക് പ്രാപ്തമാകുന്നു: മതമാണ് പ്രശ്നമെന്നും എന്റെ ജനനമാണ് പ്രശ്നമെന്നും ഭാരതീയ പൗരൻ വിളിച്ചുപറഞ്ഞ് മരണത്തെ പുൽകുമ്പോൾ നീതിദേവതയുടെ കണ്ണുകളായി കലാലയങ്ങളിലെ വിദ്യാർഥികൾ മാറുന്നു. ഇന്ത്യൻ ചരിത്രത്തിൽ വിദ്യാർത്ഥികൾ തെരുവിലിറങ്ങിയത് നീതിസംരക്ഷണത്തിനായി മാത്രമല്ല. മണ്ഡൽ കമ്മീഷന്റെ കാലഘട്ടം ഇതിനുദാഹരണമായി നിലനിൽക്കുമ്പോഴും ജയപ്രകാശ് നാരയണന്റെ നേതൃത്വത്തിലുള്ള വിദ്യാർത്ഥി സംഘവും ഡൽഹി പെൺകുട്ടിക്കുവേണ്ടിയുള്ള വിദ്യാർത്ഥി സംഘവും നമുക്കു മുന്നിലുള്ള പ്രത്യാശയുടെ പ്രതിരോധമാകുന്നു. ചരിത്രം പഠിച്ച വിദ്യാർത്ഥികൾക്ക് ന്യൂറംബർഗ് നിയമത്തെ ഓർമ്മ ഉള്ളതുകൊണ്ട് , ഹിറ്റ്ലറേയും മുസ്സോളിനിയേയുമൊക്കെ ഓർമ്മ ഉള്ളതുകൊണ്ട്, മന്ദിരങ്ങളെ ഓർമ്മയുള്ളതുകൊണ്ട്, ആൻഫ്രാങ്കിനെ ഓർമ്മ ഉള്ളതുകൊണ്ട്, മലാലയെ ഓർമ്മയുള്ളതുകൊണ്ട്, കരിനിയമങ്ങൾക്കെതിരെ ഇർഫാന് ഖാന് വേണ്ടി, മൗലാന അബ്ദുൾ കലാം ആസാദിന്റെ പാരമ്പര്യത്തിന് വേണ്ടി, ഫക്രുദീൻ അലി അഹമ്മദിന്റെ തലമുറയ്ക്ക്

വേണ്ടി, സനുവുള്ളാ ഖാനു
വേണ്ടി രംഗത്തിറങ്ങിയ
വർക്ക് ഒരു നേതാവിനെ
വേണ്ടിയിരുന്നില്ല. അവർ
ഓരോരുത്തരും
നേതാക്കളായിരുന്നു.
ഇന്ത്യൻ കലാലയ
അനുഭവങ്ങളെ
വായിക്കപ്പെടുമ്പോൾ
ജെഎൻയുവിലെ
എല്ലാ വിദ്യാർത്ഥികളും
വി.സി യുടെ കുട്ടികളല്ല.
വിദ്യാർത്ഥികളെ
സംരക്ഷിക്കേണ്ട
വി.സി. എന്തിനാണ്
വിദ്യാർത്ഥികളല്ലാത്ത
അക്രമകാരികളെ
ക്യാമ്പസിനുള്ളിൽ
കൊണ്ടുവന്നത് എന്ന്
ഐഷിഘോഷിന്റെ അമ്മ
ശർമിഷ ചോദിക്കുന്നു,
കാൾ സാഗനെ
പോലെയാകാൻ ശ്രമിച്ച
രോഹിത് വെമുല തന്റെ
ജന്മത്തെ പഴിച്ച്
നക്ഷത്രങ്ങളെ
പ്രണയിക്കാൻ
ആത്മഹത്യ ചെയ്യുന്നു.
വൈജ്ഞാനിക
ദാഹം അടക്കാൻ
ജെഎൻയുവിൽ
എത്തിയ നജീബിനെ
കാണാതാകുന്നു.
ജാമിയവിലിയയിൽ
ലൈബ്രറികളിൽ പോലും
പഠനാന്തരീക്ഷം
നഷ്ടപ്പെടുന്നു.
പോണ്ടിച്ചേരി
സർവകലാശാലയിൽ
ബിരുദദാന ചടങ്ങുകൾ
ബഹിഷ്കരിക്കേണ്ടിവരു
ന്നു വിദ്യാർത്ഥികൾക്ക്
മതമാണ് പ്രശ്നം എന്ന്
എഴുതി മരണത്തെ
പുൽകേണ്ടി വരുന്നു.
ഫാത്തിമലത്തീഫ്,
ബനാറസ്
സർവകലാശാലയിൽ
സംസ്കൃതം പഠിപ്പിക്കാൻ
കഴിയാത്ത ഇർഫാൻ
ഖാനും, നമുക്കുമുന്നിൽ
ജർമ്മനിയിലെ നാസി
ഭരണത്തെയും
സ്വേച്ഛാധിപത്യത്തേയും
കാണിക്കുമ്പോഴാണ്
സമരം ചെയ്യുന്നവരെ
വസ്ത്രം കൊണ്ട്
തിരിച്ചറിയാം എന്ന്
പറഞ്ഞ
അധികാരത്തിനെതിരെ
മതഭേദമന്യേ ഹിജാബ്
ധരിച്ചും തങ്ങളെ
മർദ്ദിക്കാൻ വന്ന
പോലീസുകാരന്
പൂചെണ്ടുകൾ നൽകി
സമരത്തിനായി



ക്ഷണിച്ചും ഇന്ത്യൻ
കാമ്പസ്സുകൾ
പ്രതിരോധവും
പ്രത്യാശയും
സൃഷ്ടിക്കുന്നത്.

കലാലയങ്ങളെ
സ്വകാര്യവൽക്കരിച്ച്
അരാഷ്ട്രീയ
ക്യാമ്പസുകളാക്കി
അധികാര വർഗ്ഗങ്ങൾക്ക്
കീഴിലാക്കാനുള്ള
നീക്കത്തെ
പ്രതിരോധിക്കുന്ന
തോടൊപ്പം ഭരണഘടന
യും ജനാധിപത്യവും
അട്ടിമറിച്ചാൽ
വിദ്യാഭ്യാസം
എന്ന പ്രക്രിയയുടെ
ഔദ്യോഗിക ലക്ഷ്യങ്ങൾ
സാക്ഷാത്ക്കരിക്ക
പ്പെടാതെ ഇരിക്കുകയും
കലാലയങ്ങൾ
കൽത്തുറുങ്കുകൾ
ആകുകയും ചെയ്യും
എന്ന തിരിച്ചറിവാണ്
യുവതയെ സമകാലിക
ഘട്ടത്തിൽ
പ്രതിരോധത്തിന്റെ
പരിചകൾ ആക്കുന്നത്.
പോലീസുകാരന് റോ
സാപ്പൂക്കൾ നൽകിയ
വിദ്യാർഥിനിയുടെ
പ്ലക്കാർഡിലെ വാക്കുകൾ
ഇപ്രകാരമാകുന്നു.

" എന്റെ അച്ഛൻ
വിചാരിക്കുന്നത് ഞാൻ
ക്ലാസ് മുറിയിൽ ചരിത്രം
പഠിക്കുകയാണെന്നാണ് "

എന്നാൽ ഞാൻ
തെരുവുകളിൽ ചരിത്രം
സൃഷ്ടിക്കുകയാണ്, ,
അതെ യുവത ചരിത്രം
സൃഷ്ടിക്കുകയാണ്.
യുവതയ്ക്കല്ലാതെ
മറ്റാർക്കാണ് അതെളുപ്പം
സാധിക്കുന്നത്.

ഇന്ത്യൻ ക്യാമ്പസ്സുകളാണ്
പ്രത്യാശയും
പ്രതിരോധവും.



# ബംഗ്ലാദേശ് സ്വാതന്ത്ര്യവും മഞ്ഞക്കിളിയും



ഈ വിശ്വം വേണ്ടെനിക്കീ നിമിഷത്തിലെൻ
ജീവിതനൂലിഴപൊട്ടിയെങ്കിൽ!...
എൻകരൾക്കാമ്പിൻ നിഗൂഢശപഥമൊ-
ന്നെങ്കി, ലനുരക്തമായ് മേവിയേനേ!

*-ഗൂഢശപഥം (ഷോക്കു രാജകുമാരി)*
*വിവർത്തനം ചങ്ങമ്പുഴ കൃഷ്ണപിള്ള*

ആർത്തിയോടെയാണ് ചങ്ങമ്പുഴയുടെ മഞ്ഞക്കിളികൾ കോളേജ് ലൈബ്രറിയിൽ നിന്നും തപ്പിയെടുത്തത്. ലൈബ്രേറിയൻ വിർഗ്ഗീസ് സർ കാർക്കശക്കാരനാണ്. പറഞ്ഞ സമയത്ത് പുസ്തകം തിരികെ വയ്ക്കണം. കോളേജ് ലൈബ്രറിയുടെ നീണ്ട മുറി വാതിലിൽ നിന്ന് അകത്തേക്ക് നോക്കുമ്പോൾ. ആയിരത്തിലധികം ജീവിതങ്ങളും, കോടാനുകോടി സ്വപ്നങ്ങളും, പ്രപഞ്ചരഹസ്യങ്ങളും, ജ്ഞാനകിരണങ്ങളും എന്റെ മുന്നിൽ അടുക്കി വച്ചിട്ടുള്ള പുസ്തകങ്ങളിൽ കാണാം പക്ഷേ അകത്തേക്ക് പ്രവേശനം നിക്ഷേധിച്ചിരുന്നു. നീരസം അധികമാണെങ്കിലും കാണിക്കാറില്ല. കാണിച്ചിട്ടും കഥയില്ല. മഞ്ഞക്കിളികൾ കൈയിൽ കിട്ടിയതോടെ ഉത്സാഹകുതുകിയായി പേജുകൾ മറിച്ച് വായന തുടങ്ങി. ചങ്ങമ്പുഴയുടെ വിവർത്തനങ്ങളുടെ ശേഖരണമാണ് മഞ്ഞക്കിളികൾ.

ആസ്വാദനത്തിന്റെ പരമകോടിയിലിരിക്കുമ്പോഴാണ് ആ വാർത്ത കേൾക്കുന്നത്. ബംഗ്ലാദേശിന് സ്വാതന്ത്ര്യം കിട്ടിയിരിക്കുന്നു. വാർത്ത അതിവേഗതയിൽ കോളേജിലാകെ പടർന്നു. കേളേജിലെ സംസാര വിഷയങ്ങളിൽ പ്രധാന്യമുള്ള ഒന്നായിരുന്നു ആ വാർത്ത പട്ടാള അട്ടിമറികൾക്കും, രാഷ്ട്രീയ അനിശ്ചിതത്വത്തിനും വിധേയമായ കിഴക്കൻ പാക്കിസ്താൻ 1972 ജനുവരി 11 ന് ബംഗ്ലാദേശ് എന്ന രാഷ്ട്രമായി പ്രഖ്യാപിക്കപ്പെട്ടു. സായുധ വിപ്ലവ വിജയത്തിന് ആഹ്ളാദ പ്രകടനം ഇല്ലാതിരിക്കുമോ. കോളേജിൽ നിന്ന് ചിന്നക്കടവരെ വിദ്യാർത്ഥികളുടെ നീണ്ട റാലി.

കൈയ്യിലിരുന്ന മഞ്ഞക്കിളിയുമായി ഇടംവലം നോക്കാതെ റാലിക്കിറങ്ങി. ബംഗ്ലാദേശിന് വേണ്ടിയുള്ള മുദ്രാവാക്യം വിളിയുടെ ലഹരി അനുനിമിഷം വർദ്ധിച്ചു വന്നു. സകലതും മറന്നു.

ആഹ്ലാദ പ്രകടനമൊക്കെ കഴിഞ്ഞ് കോളേജിൽ തിരിച്ചെത്തി വായനയിലേക്ക് മടങ്ങാൻ പുസ്തകം അന്വേഷിച്ചപ്പോഴാണ് മനസ്സിലാകുന്നത്.

പുസ്തകം നഷ്ട്ടപ്പെട്ടിരിക്കുന്നു....!

എന്റെ ചങ്ങമ്പുഴെ...! നിലവിളിച്ചുപോയി

വർഗ്ഗീസ് സാർ കൊല്ലും, ഇനി പുസ്തകവും തരില്ല... എല്ലാം തീർന്നു...

എവിടെയെല്ലാമോ ഓടി നടന്ന്, കൂട്ടുകാരെയൊക്കെ കണ്ട് എങ്ങനെയൊക്കയൊ പുസ്തകത്തിന്റെ പണം സംഘടിപ്പിച്ചു. വർഗ്ഗീസ് സാറിന്റെ നീണ്ട ശകാരം തലകുനിച്ച് നിന്ന് കേട്ടു.

പിന്നീട് മറ്റൊരു പുസ്തകവും ഞാൻ നഷ്ട്ടപ്പെടുത്തിയിട്ടില്ല.



**കുരീപ്പുഴ ശ്രീകുമാർ**


വന
കൂടിനുള്ളിലെ
മനുഷ്യ കാട്

**കൊ**റോണ വൈറസ് എത്ര അധമമായാണോ മനുഷ്യരെ ശ്വാസം മുട്ടിച്ച് കൊല്ലുന്നത് അതിനേക്കാളേറെ നിഷ്ഠൂരമായതാണ് അമേരിക്കൻ കറുത്തവർഗ്ഗക്കാരനായ ജോർജ് ഫ്ളോയിഡിന്റെ മരണം. വംശീയ വിദ്വേഷം മനുഷ്യരിൽ കനൽക്കട്ടപോലെ നീറുന്നത് ഫ്ളോയിഡിന്റെ മരണത്തിലൂടെ ലോകം കണ്ടു. നാനാത്വത്തിൽ ഏകത്വം എന്ന പരസ്യവാചകം ഇന്ത്യയെ അഭിസംബോധന ചെ യ്തപ്പോൾ അതിനടിയിൽ ഞെരിഞ്ഞമർന്ന മനുഷ്യ ജന്മങ്ങൾ അനേകമാണ്. സമ്പന്നരും ജാതിയിൽ ഉയർന്നവരും ഭൂരിപക്ഷവും ജീവിതം കൊണ്ട് തോൽപ്പിച്ച ചിലർ. ചിലരെങ്കിലും അതിജീവിച്ചവരാണ്. അവകാശങ്ങൾക്ക് വേണ്ടി നിരന്തര സമരങ്ങൾ നടത്തിയും, തങ്ങളുടെ മക്കൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകിയുമൊക്കെ. എന്നാൽ അരക്ഷിതാവസ്ഥയിൽ ജീവിതം തള്ളി നീക്കുന്ന ഒട്ടനവധി അധകൃതർ നമ്മുടെ രാജ്യത്തിലുണ്ട് നമ്മുടെ കൊച്ചു കേരളത്തിലുണ്ട് എന്തിനേറെ പറയുന്നു നമ്മുടെ കൺവെട്ടത്തുണ്ട്.

സ്ഥിരതാമസക്കാരല്ലാത്ത വരായി ന്യൂനപക്ഷങ്ങളായി രാജ്യത്തെ ആകെ ജനസംഖ്യയുടെ 1.45 ശതമാനം മനുഷ്യർ നമ്മുടെ കേരളത്തിലുണ്ട്. അദിവാസി സമൂഹമെന്ന് അവരെ അഭിസംബോധന ചെയ്തുപോരുന്നു. വീടില്ലാത്ത അവർ എവിടെ ജീവിക്കുന്നു ? അവരുടെ മക്കൾ എവിടെ വിദ്യാഭ്യാസം ചെയ്യുന്നു? അവർ വിശക്കുമ്പോഴും ദാഹിക്കുമ്പോഴും എന്ത് ചെയ്യുന്നു? തുടങ്ങിയ ചോദ്യങ്ങളൊക്കെ നിലനിൽക്കെ, എസ്.എൻ കോളേജിലെ മാഗസിന് വേണ്ടി ഈ ചോദ്യങ്ങൾ ഞങ്ങൾ പഠന വിധേയമാക്കി. ഇതെ തുടർന്ന് പത്തനംതിട്ട ജില്ലയിൽ അധിവസിക്കുന്ന മലൈപണ്ടാരം ആദിവാ സി സമൂഹത്തെ പോയിക്കാണാനും അവരുടെ പ്രശ്നങ്ങളൊക്കെ ചോദിച്ചു മനസ്സിലാക്കാനും തീരുമാനിച്ചു.

പത്തനംതിട്ട ജില്ലയിലെ ളാഹ, ആങ്ങമൂഴി, പ്ലാപ്പള്ളി തുടങ്ങിയ പ്രദേശങ്ങളിൽ വ്യാപിച്ചു കിടക്കുന്നതാണ് മലൈപണ്ടാരം ആദിവാസി സമൂഹം. കേരളത്തിൽ ഇവരുടെ കണക്ക് 2422 ആണ്. ളാഹയിൽ നിന്നും ഏകദേശം രണ്ട് കിലോമിറ്റർ സഞ്ചരിച്ചാൽ വഴിയോരങ്ങളിൽ ടാർപോളിൻ ഷെഡുകൾ കാണാൻ സാധിക്കും. നൂറ്റാണ്ടുകളായി ജീവിച്ചു വന്ന ജന സമൂഹമാണ് മലൈപണ്ടാരം. ആചാരാനുഷ്ഠാനങ്ങൾ കൊണ്ടും പ്രകൃതി സത്തകൾ കൊണ്ടും സമ്പന്നമാണ് ഇവരുടെ ജീവിതം. ആദ്യം പിറക്കുന്നത് ആൺ കുഞ്ഞാണെങ്കിൽ കാട്ടിൽ ഉപേക്ഷിക്കുക, പ്രസവം കഴിഞ്ഞ് അമ്മയെയും കുഞ്ഞിനെയും നിശ്ചിത കാലത്തേക്ക് പ്രത്യേകം തയ്യാറാക്കിയ സ്ഥലങ്ങളിൽ കിടത്തുക, കൃഷിയിലൂടെ അധികമായി ഉണ്ടാകുന്ന വിളവുകൾ മലമുകളിലെ ക്ഷേത്രനടയിൽ കാണിക്ക വയ്ക്കുകയും അന്നേ ദിവസം ഉത്സവമായി ആചരിക്കുകയും ചെയ്യുന്നു. ആചാരങ്ങൾ കൊണ്ട് സമ്പന്നരായ സമൂഹം. എന്നാൽ കാലപ്പാച്ചിലിൽ പല ആചാരനുഷ്ഠാനങ്ങളും ഒലിച്ചു പോകുകയും



നിഷ്കളങ്കരായ കുറച്ച് മനുഷ്യർ മാത്രം അവശേഷിക്കുകയും ചെയ്തു. പ്രധാനമായും നഗരവത്കരണം, വന നശീകരണം, പൊതു സമൂഹത്തിൽ നിന്നുള്ള ഒഴിവാക്കൽ എന്നിവ ഇവരുടെ വളർച്ചയ്ക്ക് പ്രതികൂലമായി ഭവിച്ചു. നഗരവത്കരണവും, വനനശീകരണവും ക്രമം തെറ്റിയുള്ള കാലാവസ്ഥയ്ക്ക് കാരണമായി. അതോടെ പ്രധാന ജീവനോപാധി യായി ആശ്രയിച്ച് പോന്നിരുന്ന കൃഷി അന്യമായി തീർന്നു. ജലമലിനീകരണത്തിന്റെ തോത് ക്രമാതീതമായി വർദ്ധിച്ചു.


ശുദ്ധജലം ഇവർക്ക് അപ്രാപ്യമായി. വന നശീകരണങ്ങളുടെ അനന്തര ഫലമെന്നോ ണം വന്യമൃഗങ്ങൾ ഇവരുടെ കൂരകളെ ആക്രമിക്കാൻ തുടങ്ങി. അതോടൊപ്പം സ്ഥിരമായി ഒരു താമസസ്ഥലം ഇല്ലാതെയായി. ഇതിനേക്കാളേറെ ഭീകരമായ ഒന്നായിരുന്നു പൊതു സമൂഹത്തിന്റെ ഒഴിവാക്കൽ. ഇന്ത്യയിൽ എല്ലാ ആദിവാസി വിഭാഗങ്ങളും നേരിടുന്ന ഏറ്റവും ഭീകരമായ ഒന്ന്. ഭരണകൂടങ്ങളുടെ അടിച്ചമർത്തൽ, കേന്ദ്രം മുതൽ തദ്ദേശ സ്ഥാപനങ്ങൾ വരെ

നീളുന്ന കൈ ഒഴിയൽ എല്ലാം ഇവരെ അരക്ഷിതത്വത്തിലേക്ക് തള്ളിവിടുന്നു. കോർപ്പറേറ്റുകളും ശത കോടീശ്വരന്മാരും രാജ്യത്ത് തഴച്ചുവളരുമ്പോൾ ഈ പാവങ്ങളുടെ വിശപ്പ് അപ്രധാനമാണ്. അനാരോഗ്യ ചുറ്റുപാടിൽ സർക്കാരിന്റെ ഒറ്റ ടാർപോളിൻ ഷീറ്റിനു കീഴിൽ താമസിക്കുന്ന ഇവരുടെ വിശപ്പിന് വികസ്വര രാജ്യത്തിന്റെ പട്ടികയിൽ എവിടെ സ്ഥാനം ഉണ്ടാകാനാണ്. ഇവരെക്കുറിച്ച് പുറം ലോകത്തെ അറിയിക്കണമെന്ന ഉദ്ദേശ്യത്തോടെയാണ് സന്ദർശനത്തിന്

പുറപ്പെട്ടത്.

## നേർകാഴ്ച

ളാഹയിൽ നിന്നും രണ്ട് കിലോമീറ്റർ, റോഡരികിൽ ഏതാനും കൂരകൾ (വീട് എന്ന് പറയത്തക്ക ഒന്നും കണ്ടില്ല) കാണാൻ സാധിച്ചു. പലതും ഓല മേഞ്ഞതും ടാർപോളിൻ ഷീറ്റുകൾ കൊണ്ടു മൂടിയിരുന്നതുമാണ്. ഉത്തമൻ ചേട്ടൻ പറഞ്ഞുതന്ന വിവരങ്ങൾ അനുസരിച്ച് അത് മലൈപണ്ടാരം ആദിവാസി സമൂഹം ആണെന്നുറപ്പിച്ചു. വയറൊട്ടിയ കാട്ട് നായ്ക്കളുടെ കൂട്ടമാണ് ഞങ്ങളെ സ്വീകരിച്ചത്. കീറിയ വസ്ത്രങ്ങൾ, ചുളുങ്ങിയ സ്റ്റീൽ പാത്രങ്ങൾ മൺചട്ടികൾ അങ്ങിങ്ങായി ചിതറികിടക്കുന്നു. ആകെ അഞ്ച് കൂരകളാണ് അവിടെ ഉണ്ടായിരുന്നത്. നടുവിലായി മുള ഉപയോഗിച്ച് നിർമ്മിച്ച ഷെഡ്, അതിനെ ചുറ്റിയാണ് ബാക്കിയുള്ള കൂരകൾ. ഞങ്ങൾ നടന്നു വരുന്നത് കണ്ടപാടെ രണ്ട് ചെറുപ്പക്കാർ ഞങ്ങളെ അനുഗമിച്ചു. കൊച്ചാണ്ടിയും സുമേഷും . കൊല്ലത്ത് നിന്നും വരികയാണെന്നും കോളേജ് മാഗസിന്റെ



ആവശ്യത്തിനായി നിങ്ങളെക്കുറിച്ച് ഒരു ഫീച്ചർ തയ്യാറാക്കാനാണെന്നും പറഞ്ഞു. യുവാക്കാൾ തിരിഞ്ഞു നടന്ന് ഒരു കൂരയിലേക്ക് കയറി. അപ്പോഴേക്കും മറ്റ് കൂരയിലുണ്ടായിരുന്നവർ പുറത്തിറങ്ങി ഞങ്ങളെ നോക്കി. നാലും രണ്ടും വയസ്സുള്ള  രണ്ട് കുട്ടികൾ (സുബീഷും, സുബിനും) ഞങ്ങളേക്കാൾ മുമ്പേ കൂരയിലേക്ക് ഓടികയറി വാതിലിൽ നിന്ന് എത്തിനോക്കി. മറ്റൊരാൾ കൂടി അവിടെ നിൽപ്പുണ്ടായിരുന്നു സുജിത. ഒരാൾക്ക് ജലദോഷമുണ്ട്, മൂക്ക് മുതൽ വയറു വരെ അതിന്റെ രേഖകൾ

എന്താ മോന്റെ പേര് ?
**'സുബീഷ്'**

സുബീഷ് രാവിലെ എന്ത് കഴിച്ചു ?
**'ചോറ് കഴിച്ചു'**

എവിടാ പഠിക്കുന്നത്?
**'അട്ടത്തോടുള്ള സ്കൂളിലാ, ഞാൻ നാലിലും സുബിത മൂന്നിലും.'**

എങ്ങനെ സ്കൂളിൽ പോകും?
**'സ്കൂൾ ബസ് വരും'**

ആരാ കരയുന്നെ അകത്ത്?
**'എന്റെ ഏറ്റവും ഇളയകുഞ്ഞാ, മുഹ്നിയ'**

സുബീഷ് മിടുക്കനാണ്. ഞങ്ങളുടെ എല്ലാ ചോദ്യങ്ങൾക്കും

ഊർജ്ജസ്വലമായി അവൻ
ഉത്തരം നൽകി.
പേര് എഴുതി തരുമോ
എന്ന് ചോദിച്ചപ്പോൾ
തരാമെന്ന് പറഞ്ഞ് ബുക്ക്
വാങ്ങി അതിൽ
സുബീഷെന്നെഴുതി.
കൂര രണ്ടായി
തിരിച്ചിരിക്കുന്നു
അടുക്കളയും മുറിയും.
അടുക്കളയുടെ ഒരു
വശത്ത് ഉപ്പും, അരിയും
കുറച്ച് ചുളുങ്ങിയ
പാത്രങ്ങളും. മുറിയിൽ
കല്ലുകൾക്ക് മുകളിൽ
ഉരുളൻ കമ്പുകൾ
കൊണ്ടൊരു കട്ടിൽ.
അതിനു മുകളിൽ അവിടെ
താമസിക്കുന്നവരുടെ
വസ്ത്രങ്ങൾ.
ഞങ്ങൾ എല്ലാവരും
പരസ്പരം പരിചയപ്പെട്ടു.
**വല്ലതും കഴിച്ചോ...?** എന്ന
ചോദ്യത്തിന്
ഭാഗികമായ ഒരു
തലയാട്ടാണ് ചിലയിടത്ത്
നിന്നുണ്ടായത്.
**'നിങ്ങൾ എന്താണ്
സ്ഥിരമായി
കഴിക്കുന്നത്...?**
അരിക്കവറിലേക്ക് ചൂണ്ടി
ദിശ പറഞ്ഞു
'അരീം ഉപ്പും
മുടങ്ങാതെകിട്ടും,
കഞ്ഞിവയ്ക്കും.'
**ഇവിടെ എത്രപേർ
താമസിക്കുന്നു..?**
'ഇവിടെ ഞങ്ങൾ രണ്ട്
കുടുംബം
താമസിക്കുന്നുണ്ട്.
ആറ് പേർ.' **എല്ലാവർക്കും
കഴിക്കാനുളളത്
കിട്ടുന്നുണ്ടോ?**
'ആഴ്ചയിൽ അഞ്ച്
കിലോ വീതം കിട്ടും..'
**അത് നിങ്ങൾ ആറ്
പേർക്ക് തികയുമോ?**
ഉത്തരത്തിനായി അൽപ്പം
കാത്തിരിന്നിട്ടും
പ്രതികരണമൊന്നും
ഉണ്ടായില്ല.
**റേഷൻ കാർഡൊക്കെ
ഉണ്ടോ?**
'ഒരെണ്ണം ഉണ്ട് അവരുടെ
കയ്യിലാണ്.'
ആര് എന്ന്
ചോദിച്ചെങ്കിലും അവർ
എന്നല്ലാതെ വ്യക്തമായ
ഉത്തരമൊന്നും കിട്ടിയില്ല.
**സർക്കാർ ഉത്തരവ്
പ്രകാരമുള്ള ഭൂമി
കിട്ടിയോ?**
'ഇല്ല, ഇതുവരെ ഒന്നും
കിട്ടിയില്ല.'
**ഇവിടെ ആകെ എത്ര
കുടുംബങ്ങൾ
താമസിക്കുന്നുണ്ട്?**
'ഇവിടെ ആകെ
പതിനൊന്ന് കുടുംബം'
**ആ നടുക്ക്
കെട്ടിയിരിക്കുന്നത്
എന്താണ്?**
കുട്ടുകൾക്ക് വേണ്ടി
ഞങ്ങൾ പണിത
അംഗൻവാടിയാണ്.
ഏതാനും കളിപ്പാട്ടങ്ങൾ,
വെറും നിലത്ത് വിരിച്ച
പായുടെ മുകളിൽ
ഉണ്ടായിരുന്നു. രണ്ടുപേർ
അതിനുമുകളിലുണ്ട്.
ആദ്യത്തേതിന് സമാനമാ
ണ് ബാക്കി രണ്ട് വീടും.
അവിടെ കണ്ട
ഹൃദയഭേദകമായ
കാഴ്ചയിലൊന്ന്,
അരിക്കവറിലേക്കും
നോക്കി നിസ്സംഗതയോടെ
കിടന്നിരുന്ന ഒരു
കൈക്കുഞ്ഞായിരുന്നു....
അവിടെ നിന്നും വഴി
കാണിക്കാനായി ആദ്യം
കണ്ട ചെറുപ്പക്കാർ
സുമേഷും,കൊച്ചാണ്ടിയും
ഞങ്ങളുടെയൊപ്പം വന്നു.
പ്ലാപ്പള്ളിയിലാണ് അടുത്ത
കുറച്ച് കൂരകൾ കണ്ടത്
മലൈപണ്ടാരം ആദിവാസ
സമൂഹത്തിൽ
പെടുന്നവരായിരുന്നു
ഇവരും. ആദ്യം
കണ്ടവരുടെ സ്വന്തക്കാർ.
മലൈപണ്ടാരം ആദിവാസി
സമൂഹത്തിലെ നാൽപ്പ
തോളം കുടുംബങ്ങൾ
ളാഹ, ആങ്ങമൂഴി,പ്ലാപളളി
തുടങ്ങി പമ്പവരെയുള്ള
പ്രദേശത്തെ പല
ഭാഗങ്ങളിലായി
താമസിക്കുന്നുണ്ടെന്ന്
യാത്രാ മദ്ധ്യേ
കൊച്ചാണ്ടി പറഞ്ഞു.
അങ്ങനെ രണ്ടാമത്തെ
കൂരക്കൂട്ടത്തിലേക്ക്
ചെന്നു. അവിടുത്തെ
കാഴ്ച്ച കുറച്ചുകൂടെ
ഭേദമാണ്(ആദ്യത്തിനെ
അപേക്ഷിച്ച്). മേൽക്കൂര
ടാർപോളിൻ ഷീറ്റുകൾ
തന്നെ. കോഴികളെ
വളർത്തുന്ന ചെറിയ കൂട്,
അടുക്കി വച്ച
വിറകുകളുടെ കെട്ട്,
ഔഷധ സസ്യങ്ങളുടെ

ചെറിയ കെട്ടുകൾ.
നാല് കൂരകളാണ് അവിടെ ഉണ്ടായിരുന്നത്
ആദ്യത്തേതിൽ നിന്ന് പതിനേഴ് വയസ്സുള്ള ഒരു പെൺകുട്ടി ഇറങ്ങി വന്നു.

**എന്താ പേര്?**

'രമ്യ'

**ബാക്കി എല്ലാവരും എവിടെപ്പോയി?**

'വിറക് ശേഖരണത്തിനും, തേനും കുന്തിരിക്കവുമെടുക്കാൻ കാട്ടിൽ പോയി.'

**രമ്യ പഠിക്കുന്നുണ്ടോ?**

'ഇല്ല'

**ഏതുവരെ പഠിച്ചു?**

'ഒമ്പത് വരെ'

**അത് കഴിഞ്ഞ് എന്തേ പഠിച്ചില്ല?**

'ശ്വാസംമുട്ടലായിരുന്നു പിന്നെ പഠിക്കാൻ പറ്റിയില്ല.'

**ഇപ്പോൾ ശ്വാസംമുട്ടൽ ഉണ്ടോ?**

'ഇല്ല, മരുന്ന് കഴിക്കുന്നുണ്ട്'

**തേനിന് എന്ത് വില കിട്ടും?**

'ഒരു കുപ്പിക്ക് 700 രൂപ വരെ കിട്ടും'

**ഏകദേശം എത്ര കുപ്പി തേൻ കിട്ടും?**

'എന്നും കിട്ടില്ല, ചിലപ്പോൾ ഒരു കുപ്പി തികച്ച് കിട്ടും.'

**ഈ പണംകൊണ്ടാണോ വീട്ടു ചിലവുകൾ നടക്കുന്നത്?**

'കുറച്ച് ചിലവുകൾ ഇങ്ങനെ നടക്കും'

**വോട്ട് ചെയ്യാൻ പോകാറുണ്ടോ?**

'ഇവിടെനിന്ന് ആരും പോകാറില്ല'

**അതെന്തേ?**

'അറിയില്ല.'

കുന്തിരിക്കം മണക്കുന്ന മുറി. അവിടെയും നേരുത്തെ കണ്ടതുപോലെ കൂര രണ്ടായി തിരിച്ചിരിക്കുന്നു. മുറിയും അടുക്കളയും വ്യത്തിയായി സൂക്ഷിച്ചിരിക്കുന്നു. അടുത്തതായി പോകാൻ തീരുമാനിച്ചത് ഉൾക്കാട്ടിൽ താമസിക്കുന്നവരെ കാണാനായിട്ടാണ്. ചെക് പോസ്റ്റിന്റെ മുന്നിലെത്തിയപ്പോൾ രണ്ട് ഫോറസ്റ്റ് ഓഫീസേഴ്സ് ഞങ്ങളെ അനുഗമിച്ചു. അകത്തേക്കുള്ള പ്രവേശനം നിയന്ത്രിച്ചിരിക്കുന്നുവെന്നും നിങ്ങളുടെ ആവശ്യം അറിയിച്ച് ഇൻസ്പെക്ടറുടെ കയ്യിൽ നിന്നും പ്രത്യേക അനുമതി വാങ്ങണമെന്നും ഫോറസ്റ്റ് ഓഫിസേഴ്സ് ഞങ്ങളോട് പറഞ്ഞു. വന്ന വഴി അഞ്ച് കിലോമീറ്റർ പുറകോട്ട് സഞ്ചരിച്ച് ഇൻസ്പെക്ടറുടെ ഓഫീസിൽ അനുമതിക്കായി എത്തിയെങ്കിലും ദൗർഭാഗ്യവശാൽ അവിടെ ആരെയും കാണാൻ കഴിഞ്ഞില്ല. പിന്നീട് വീണ്ടും തിരികെ ചെക്പോസ്റ്റിന്റെ അടുത്തെത്തിയെങ്കിലും അനുമതി കിട്ടാത്തതു കൊണ്ട് അകത്തേക്ക് കടക്കാനായില്ല. അപ്പോഴാണ് ഞങ്ങളുടെ കൂടെവന്ന കൊച്ചാണ്ടിയുടെയും സുമേഷിന്റെയും ബന്ധുക്കൾ കുറച്ച്പേർ ചെക് പോസ്റ്റിനോട് ചേർന്ന് താഴ്ന്ന പ്രദേശത്തായി



താമസിക്കുന്നുണ്ടെന്ന് പറഞ്ഞത്. എങ്കിൽ അവരെ കാണാം എന്ന് തീർച്ചപ്പെടുത്തി, താഴേക്കുള്ള ചെറിയ ചെങ്കുത്തായ ഇറക്കം ഇറങ്ങി. ആദ്യ ഇടങ്ങളിൽ കണ്ട കൂരകൾ ഇവിടെ ഉണ്ടായിരുന്നില്ല. ചരിത്രാതീത കാലത്തിന്റെ (Pre-Historic) സ്മരണകൾ പോലെ കല്ലുകൾ കയറ്റി അതിന്റെ അടിഭാഗത്താണ് താമസം. സൈഡിൽ ഒരു ടാർപോളിൻ ഷീറ്റ് വലിച്ച് കെട്ടിയിട്ടുണ്ട്. പ്രിഹിസ്റ്റോറിക് പീരിഡിലേക്കാണോ വന്നിരിക്കുന്നതെന്ന് ഒരു നിമിഷം ആർക്കും സംശയം തോന്നാം. എങ്കിലും, അരിക്കവറും ഉപ്പും മറ്റ് പ്ലാസ്റ്റിക് കവറുകളും ആ വക ചിന്തകളിൽ നിന്നും വിടുതൽ നൽകും. കീറലുള്ള വസ്ത്രം ധരിച്ച എല്ലിച്ച മുന്ന് കുട്ടികൾ ഞങ്ങളുടെ അടുത്തേക്ക് ഓടിവന്നു. ഞങ്ങൾക്കെതിർവശം കുറച്ച് സ്ത്രീകൾ എന്തൊക്കെയോ പിറുപിറുക്കുന്നുണ്ട്. സുമേഷും കൊച്ചാണ്ടിയും ഞങ്ങളെ അവിടെ ഉണ്ടായിരുന്ന സ്ത്രികൾക്ക് പരിചയപ്പെടുത്തി. സസന്തോഷം അവർ ഞങ്ങളോട് സംവദിച്ചു. കേരളാ തമിഴ്നാട് ബോർഡർ ആയതുകൊണ്ട് തന്നെ അവർക്ക് അതിർത്തികൾ ഇല്ല. കേരളത്തിലും തമിഴ്നാട്ടിലുമായി ബന്ധങ്ങൾ വ്യാപിച്ചുകിടക്കുന്നു ണ്ടെന്ന് പറഞ്ഞു. ആചാരനുഷ്ഠാനങ്ങളെ പറ്റി ചോദിച്ചപ്പോൾ പലതും പണ്ട് കാലത്ത് മാത്രമേ ഉണ്ടായിരുന്നുള്ളു. ഇപ്പോൾ അവയൊക്കെ ഇല്ലാതായി എന്നു പറഞ്ഞു. കുട്ടികൾ എല്ലാം മിടുക്കരായി ഓടിനടക്കുന്നുണ്ട്. നിങ്ങളുടെ ആധാർ കാർഡിൽ മേൽവിലാസം രേഖപ്പെടുത്തിയിരിക്കു ന്നത് ഒന്ന് കാണിക്കാമോ? ആധാർ കാർഡ് എടുക്കാൻ വേണ്ടി ഒരുവൻ അകത്തേക്ക് ഓടി. ബിജുചേട്ടൻ ഞങ്ങളുടെ അടുത്തേക്ക് വന്നു. നാടൻ പട്ടയുടെ നല്ല നാറ്റം. ഞങ്ങൾ വന്ന കാര്യം തിരക്കി. എന്തും പറയാൻ ബിജുചേട്ടൻ റെഡി. പമ്പയിൽ ഒരു ഹോട്ടൽ ജീവനക്കാരനാണ് ബിജുചേട്ടൻ. ബിജു ചേട്ടൻ പറഞ്ഞു തുടങ്ങി, 'ഞാൻ ഇവിടെ ജനിച്ച്



വളർന്ന ഒരാളാണ്. നാൽപ്പത് വയസ്സായി. ആരോഗ്യം മോശമാണ്. പലതും കണ്ടിട്ടുണ്ട്, പലതും അനുഭവിച്ചിട്ടുണ്ട്. ഇവിടങ്ങ് പണ്ടാരങ്ങൾ തമ്മിൽ തമ്മിൽ അടിയാണ്. അതുകൊണ്ടാണ് ഈരണ്ട്പേര് വീതം പലയിടത്ത് താമസിക്കുന്നത് ഒന്നിച്ചുനിന്നിരുന്നേൽ

ഇപ്പോ ഭൂമി കിട്ടിയേനം. വർഷങ്ങളായി ഭൂമി കിട്ടും എന്ന് കേൾക്കാൻ തുടങ്ങിയിട്ട്. പണ്ടാരങ്ങളെ അതിനൊന്നും കൊള്ളില്ല. പഠിച്ച പിള്ളേരാ ഇപ്പോ കൂടുതൽ പ്രശ്നം. പെണ്ണുങ്ങളെ പിഴപ്പിക്കുക, കള്ള് കുടിച്ച് പ്രശ്നമുണ്ടാക്കുക അങ്ങനെയൊക്കെയാണ്. കൊലവരെ നടന്ന സമയമുണ്ട്. ഇവിടുത്തെ അവമാരെ നാട്ടീന്ന് വന്ന് ജോലിക്ക് വിളിച്ചോണ്ട് പോകും കള്ളമോ കൊലയോ ആരറിയുന്ന്. നേരുപറഞ്ഞാൽ, എന്താ ജോലിയെന്ന് പറയില്ല. അവിടെ ചെന്നിട്ടായിരിക്കും അറിയുന്നത്. നിങ്ങൾ വരുന്ന കൊല്ലത്തടക്കം ഞങ്ങടെ ആൾക്കാർ കിടന്നിട്ടുണ്ട്. പണ്ടാര ങ്ങളുടെ കാര്യങ്ങൾ വളരെ മോശമാണ്, പട്ടിണിയാണ്. മഞ്ഞളിനും ഈറക്കും പഴയ പോലെ വില കിട്ടാറില്ല. എത്ര ജോലി എടുത്താലും ഒന്നിനും തികയില്ല. സർക്കാർ ഭൂമി എന്ന് കിട്ടുമെന്ന് അറിയില്ല. ഒരു നീണ്ട സംഭാഷണ പരമ്പരയായിരുന്നു ബിജുചേട്ടന്റേത്. ബിജുചേട്ടൻ പറഞ്ഞത് ശരിയായിരുന്നു. പാരമ്പര്യമായി ഉണ്ടായിരുന്ന ഐക്യം ഒക്കെ നഷ്ട്ടപ്പെട്ടിരുന്നു. പല ജയിലുകളിലും തുച്ഛമായ പിഴയടക്കേണ്ട കുറ്റങ്ങൾക്ക് പോലും പലരും ശിക്ഷ അനുഭവിക്കുന്നുണ്ട്. ഇവയൊക്കെ ഇങ്ങനെ നിലനിൽക്കേ വനാവകശ നിയമമാണ് ഇവരെ കൂടുതൽ അനിശ്ചിതത്ത്വത്തിലാ ക്കുന്നത്.

## വനാവകാശ നിയമം എവിടെ വരെ?

ആദിവാസികളുടെ അവകാശങ്ങൾക്കും വനാവകാശവുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുള്ള നിയമങ്ങളിൽ അതീവ പ്രാധാന്യമുള്ളതും, ഇന്ത്യൻ ആദിവാസികളുടെ നിലനിൽപ്പിനും പുരോഗതിക്കും അത്യന്താപേക്ഷിതവു മായ നിയമ നിർമ്മാണമാ ണ് 2006 ൽ ഇന്ത്യൻ പാർലമെന്റ് പാസാക്കിയ വനാവകാശ നിയമം, **Schedule Tribes and other Traditional forest Dwellers (recognition of forest Rights) Act 2006 (FRA) .** വനാവകാശ നിയമത്തിന്റെ വകുപ്പ് 3 പ്രകാരം വനത്തിനുള്ളിൽ അധിവസിക്കുന്നവർക്ക് വ്യക്തിഗത വനാവകാശ വും രണ്ടാമത്തേത് സമൂഹ്യ വനാവകാശവു മാണ് . വനത്തിൽ ജീവിക്കുന്നതിനും വന വിഭാഗങ്ങൾ ശേഖരിക്കുന്നതിനുമുള്ള അവകാശം വനാവകാശ നിയമം വിവക്ഷിക്കുന്നു. സാമൂഹ്യ വനാവകാശമനുസരിച്ച് വനത്തെ സംരക്ഷിക്കുക, നിലനിർത്തുക, പുനരുൽപാദിപ്പിക്കുക തുടങ്ങിയവയുടെ മേലും അവകാശമുണ്ട്. വനാവകാശ നിയമത്തിന് പ്രധാനമായും രണ്ട് സവിശേഷതകളാണുള്ളത്. ഒന്ന്, വനാവകാശ നിയമം ആദിവാസികളുടെ പാരമ്പര്യമായ വനത്തിനും വനവിഭവങ്ങൾക്കും മേലുള്ള അവകാശത്തെ പുനഃസ്ഥാപിക്കുന്നു. രണ്ടാമത്തേത്, വനവും ഭൂപ്രകൃതിയുമായുള്ള സന്തുലിതാവസ്ഥയെ നിലനിർത്തുന്നതിനും സുസ്ഥിരമായ ജീവനോപാധികളായി വനത്തേയും വനവിഭവങ്ങളേയും ആശ്രയിക്കുന്ന മറ്റിതര വിഭാഗങ്ങൾക്കും വനത്തിനുമേൽ അവകാശം സ്ഥാപിച്ചു നൽകുന്നു. ഇതിന് മുൻപ് ഇറങ്ങിയിട്ടുള്ള നിയമങ്ങൾ

എല്ലാം തന്നെ ആദിവാസികളുടെ പാരമ്പര്യത്തെ നിഷേധിക്കുന്നവയായിരുന്നു. വനവിഭവങ്ങളെ ചൂഷണം ചെയ്യുന്നതിന് ബ്രിട്ടീഷ് കൊളോണിയൻ കാലഘട്ടം മുതൽക്കെ നിയമങ്ങൾ ഉണ്ടായിരുന്നു. 1865,1878,1927 എന്നിങ്ങനെ വർഷങ്ങളിൽ പുറപ്പെടുവിച്ച പ്രസ്തുത നിയമങ്ങളാണ് ഇന്ത്യൻ ഫോറസ്റ്റ് ആക്ട് (കഎഅ) എന്ന് അറിയപ്പെടുന്നത്. ഈ നിയമങ്ങൾ വനമേഖലയെ വ്യാവസായിക ഉത്പാദന മേഖലയാക്കി മാറ്റി. ഇതിന് ശേഷം 1972 ൽ പുറത്തിറങ്ങിയ വന്യജീവി സംരക്ഷണ നിയമം നടപ്പിലായപ്പോൾ വനമേഖലകൾ സംരക്ഷിത മേഖലയായി പ്രഖ്യാപിച്ചു. ഇവിടെയും ആദിവാസികളെ നിഷ്കരുണം എഴുതി തള്ളിയിരുന്നു. 1996 ൽ നിലവിൽ വന്ന ആദിവാസികളുടെ സ്വയം ഭരണാവകാശ നിയമം **(Provisions of the Panchayath Extension to Scheduled Act 1996)** വനത്തിനുള്ളിൽ നൂറ്റാണ്ടുകളായി ജീവിക്കുന്ന ആദിവാസികളുടെ പാരമ്പര്യത്തെയും നില നിൽപ്പിനേയും പരോക്ഷമായി ചോദ്യം ചെയ്തു.

2006 വനവകാശ നിയമം നിലവിൽ വന്നെങ്കിലും വെറും 5% പേർക്കാണ് അതിന്റെ ഗുണഭോക്താക്കൾ ആകാൻ ഇതുവരെ കഴിഞ്ഞിട്ടുള്ളത്. 2020 ൽ പുറത്തിയങ്ങിയ പാരിസ്ഥിതിക ആഘാത കരട് വിജ്ഞാപനം ഏറ്റവും കൂടുതൽ ബാധിക്കാൻ പോകുന്നത് ഇവരെയായിരിക്കും. പ്രബുദ്ധരുടെ പട്ടികയിൽപ്പെടാത്ത വർക്ക് അതിനെപ്പറ്റി വ്യക്തമായ ധാരണകളില്ല, ഉള്ളവർ വാ മൂടി ഇരിക്കുന്നു. ഒരു കാര്യം സുനിശ്ചിതമാണ് കൊറോണ അവസാനിച്ചാലും ഇവർ ക്വാറന്റീനിൽ ആയിരിക്കും.

വന കുട്ടിനുള്ളിലെ മനുഷ്യ കാട് നേർകാഴ്ചയുടെ ദൃശ്യം കാണാൻ ക്യു.ആർ കോഡ് സ്കാൻ ചെയ്യുക.







# അരാഷ്ട്രീയ സംവാദം

ഒന്നാമൻ: അപ്പൊ നിങ്ങൾ രാഷ്ട്രീയം വേണ്ട എന്ന്
അവകാശപ്പെടുന്നു അല്ലേ?

രണ്ടാമൻ: അതെ

ഒന്നാമൻ: രഷ്ട്രീയം വേണ്ടെങ്കിൽ, ബദലായിട്ട്
എന്ത് വേണമെന്നാണ്?

രണ്ടാമൻ: അതിനിയും കണ്ടെത്തണം, പക്ഷേ
രാഷ്ട്രീയം വേണ്ട. രാഷ്ട്രീയക്കാർ കള്ളന്മാരാണ്.
എന്തെങ്കിലും നന്മ ചെയ്താൽ തന്നെ വിളംബരം നടത്തും.
ഞാനും നന്മ ചെയ്യാറുണ്ട് ആരെയും അറിയിക്കേണ്ട കാര്യം
എനിക്കില്ല എനിക്ക് രാഷ്ട്രീയവും ഇല്ല.

ഒന്നാമൻ: സ്വകാര്യ നന്മചെയ്യൽ സാമൂഹ്യ
നന്മയ്ക്ക് ഉതകുന്നതല്ല..!

രണ്ടാമൻ: എന്റെ സംതൃപ്തി

ഒന്നാമൻ: രാഷ്ട്രീയം സാമൂഹ്യ സംതൃപ്തി ലക്ഷ്യമിടുന്നു.
നിങ്ങളുടെ സംതൃപ്തി സ്വാർത്ഥത മാത്രമാണ്
സ്വതാത്പര്യമനുസരിച്ച് മാറ്റം വരുന്ന ഒന്ന്.
സ്വാർത്ഥനായ നിങ്ങളൊരു സോഷ്യൽ വേസ്റ്റാണ്.

( വിയോജിപ്പുകളിലാണ് ജനാധിപത്യം )

**- സൗരവ് ആചാര്യ**

വിഷ്ണു എസ്

# ഹ്രസ്വം

എങ്ങനെ ആവിഷ്കരിക്കേണ്ടു
ഞാനെന്റെ അന്തരംഗത്തിലെ
ദു:ഖകാണ്ഡങ്ങളെ?
ചിരിക്കില്ലേ നിങ്ങളതൊരു,
ഹ്രസ്വകവിതയായ് കാണുമ്പൊ-
ഴൊക്കെയും...!
കുറുക്കുന്നു വാക്കുകൾ
നീണ്ട ഖണ്ഡികകൾ
കുറിയുന്നു എന്റെ
കുനിച്ചിട്ട ജന്മം





## ബുദ്ധനും കാക്കയും

ബുദ്ധനും കാക്കയും
പോകുന്നിടത്തൊരു
ബന്ധുവായ് ഞാനും
കൂട്ടുചെന്നു.
ബുദ്ധൻ ചിരിച്ചു ,
കാക്ക കരഞ്ഞു .
ഞാൻ കൂവി..!
ബുദ്ധനെ ആകെ
അളന്നു തൂക്കി
ചില്ലലമാരയിൽ ഭദ്രനാക്കി.
കാക്കയെ കല്ലെറിഞ്ഞ്
ആട്ടിയോട്ടിച്ചു.
ഇത് കൂകി അറിയിക്കാൻ
എന്നെ ഏൽപ്പിച്ചു...!

ഇനിയുമീ ഭൂമിതൻ മടിമേൽ മയങ്ങുവാൻ
ഒരു ജന്മമുണ്ടായിരുന്നുവെങ്കിൽ...
ഇനിയുമൊരു ജന്മമുണ്ടായിരുന്നുവെങ്കിൽ
മധുരമാം മധുവുണ്ടു മൂളിപ്പറക്കുന്ന
മധുരമായ്പ്പാടുന്ന പൂങ്കുയിലായ്...
ശബ്ളമാം പാവാട ഞൊറികൾമേൽ ചുറ്റി,
മലർതോറും പാറുന്ന ശലഭമായീ....

ശതകോടി ജീവികൾക്കഭയമായാശ്രയ
ശിഖരങ്ങളിടതൂർന്ന പടുവൃക്ഷമായ്...
സഹ്യന്റെ മാറോട് ചേർന്നു മയങ്ങുന്ന
സഹ്യാത്മജയായ് മാറിയെങ്കിൽ...

# ഇനിയുമൊരു
## ജന്മമുണ്ടായിരുന്നുവെങ്കിൽ

തുള്ളിക്കളിച്ചുകൊണ്ടാഴിയെത്തേടുന്ന
നിളയായ് നീളേയൊഴുകിയെങ്കിൽ...
ഇനിയുമീ ഭൂമിതൻ മടിമേൽ മയങ്ങുവാൻ,
ഒരു ജന്മമുണ്ടായിരുന്നുവെങ്കിൽ
ശാഖികൾ തോറും ചുറ്റിപ്പടരുന്ന
ബാലാനിലനുമൊത്താലോലമാടുന്ന,
പുരൂരവസ്സിനെ കോൾമയിർ കൊള്ളിച്ച
ലതയായിരുന്നുവെങ്കിൽ...
ഒരു കൊച്ചു ലതയായിരുന്നുവെങ്കിൽ

അകലെയങ്ങാകാശം സീമകൾക്കപ്പുറം
ആളുന്ന സൂര്യനായ് തെളിഞ്ഞുവെങ്കിൽ,
കാൽത്തളകൾ ചിഞ്ചിലമിളക്കിയാടുന്നൊരു
കണ്ണക്കാർ വർണ്ണനായ് മാറിയെങ്കിൽ

വിഫലമാം മോഹനമോഹങ്ങളോടെയെൻ
തൊടിയിലെ ഊഞ്ഞാലിലാടിടുന്നു
കൊച്ചു കളിയൂഞ്ഞാലിലാടിടുന്നു....

**അനുപല്ലവി ബി രാജ്**

# അശാന്തി സമരങ്ങൾ.

അധികാര മേൽക്കോയ്മ എങ്ങനെയാണ് ശാന്തമായ സമൂഹത്തിനുമേൽ അശാന്തിപരത്തുക എന്നുള്ളതിന്റെ ഉത്തമ ഉദാഹരണമാണ് കേരളത്തിലെ കന്യാസ്ത്രീ സമരങ്ങൾ. പീഡിതരുടെമേൽ തുടർച്ചയായ ആക്രമണങ്ങൾ തുടർന്നുകൊണ്ടിരിക്കുകയും നീതി നിഷേധിക്കുകയും, നീതിക്കായി തെരുവിൽ ഇറങ്ങേണ്ടി വരുന്നവരെ കടുത്ത വിമർശനങ്ങൾക്കും, ഒറ്റപ്പെടുത്തലിനും ഇരയാക്കുന്നതും സാർവ്വലോക അധികാര വർഗ്ഗത്തിന്റെ വിനോദങ്ങളാണ്. സ്ഥാപനവൽക്കരിക്കപ്പെട്ട സഭയുടെ വിശ്വാസങ്ങൾ, കൊടിയ ദുരവസ്ഥകളെ അമർച്ച ചെയ്യാൻ ഇറങ്ങിത്തിരിച്ച അഞ്ച് കന്യാസ്ത്രീകളുടെ അവസ്ഥാ വിശേഷമാണ് ഇവിടെ ചർച്ചചെയ്യുന്നത്.

കോട്ടയം ജില്ലയിലെ കുറുവലങ്ങാടി എന്ന സ്ഥലത്ത് പോലീസ് സംരക്ഷണയിലാണ് കന്യാസ്ത്രീമാരായ ആൽഫി, ജോസഫി, നീനറോസ്, ആൻസിറ്റ , അനുപമ വളരെക്കുറച്ച് സമയം മാത്രമായിരുന്നു ഞങ്ങൾക്കനുവദിച്ചു നൽകിയത്. ജീവൻ പോലും അപായത്തിലാണെന്ന അവരുടെ തുറന്നു പറച്ചിൽ പൊതു സമൂഹത്തിനെ നാണിപ്പിക്കുന്ന ഒന്നാണ്. അവരുമായി നടത്തിയ അഭിമുഖത്തിലെ പ്രസക്ത ഭാഗങ്ങൾ.



അബോധതലങ്ങളിലൂടെയുള്ള ചിന്താരീതിയാണോ നിങ്ങളെ കന്യാസ്ത്രീകളാക്കിയത് ?

**അനുപമ:**

ഉൾവിളികൊണ്ടാണ് ഞങ്ങൾ കന്യാസ്ത്രീകളാകാൻ തീരുമാനിച്ചത്. കർത്താവിന്റെ വിളികിട്ടിയതുകൊണ്ടാണ് ഞങ്ങൾ കന്യാസ്ത്രീകളായതു തന്നെ. അതിൽ ചിന്താരീതിക്ക് വലിയ പ്രാധാന്യമുണ്ടെന്ന് തന്നെ പറയാം.

കന്യാസ്ത്രീത്വ വഴിയിലേക്ക് വരാനുണ്ടായ സാഹചര്യം ?

**അനുപമ:**

ഞങ്ങളെ ആരും നേർച്ച നേർന്നതോ അല്ലെങ്കിൽ അവരുടെ സമ്മർദം മൂലമോ മഠത്തിൽ ചേർന്നവരല്ല. ബാഹ്യമായ ഒരു സമ്മർദ്ദവും ഞങ്ങൾക്കുണ്ടായിട്ടില്ല. ആന്തരികമായ സമ്മർദ്ദംകൊണ്ട് മാത്രമാണ് ഞങ്ങൾ കന്യാസ്ത്രീത്വ വഴിയിലേക്ക് തിരിഞ്ഞത്. ഇതു ഏറ്റവും വലിയ കർത്താവിന്റെ ലോകമാണ് ഞങ്ങളുടെ.....

കർത്താവിന്റെ ലോകവും സഭയിലെ യാഥാർത്ഥ്യങ്ങളുമായി ഒത്തുപോകാൻ കഴിയുന്നുണ്ടോ ?

**അനുപമ:**

ആദ്യകാലങ്ങളിൽ അനുസരണം അടിച്ചേൽപ്പിക്കുമായിരുന്നു. 'കണ്ണടക്കം വേണം. കാതടക്കം വേണം' എന്നിങ്ങനെ നിരന്തരം ഓരോരുത്തരും പറഞ്ഞുകൊണ്ടിരിക്കും. ഞങ്ങൾ കരുതുന്നത്, വിവേകപൂർവ്വമായ ചിന്താ ശീലം വളർത്തിയെടുക്കലാണ് ആവശ്യമെന്നാണ്. ഇപ്പോൾ പഴയ അടിച്ചേൽപ്പിക്കലുകളൊക്ക ഒരു വിധം കുറഞ്ഞിട്ടുണ്ടെന്ന് തോന്നുന്നു. അനുസരണം അടിച്ചേൽപ്പിക്കൽ, മേലധികാരികളുടെ മോശം പ്രവർത്തി, ഇങ്ങനെയുള്ള ചില സന്ദർഭങ്ങളിൽ കർത്താവിന്റെ ലോകവും, സഭയുടെ ലോകവും വൈരുദ്ധ്യം ഉളവാക്കുന്നു.

സഭയിലെ ദുരനുഭവങ്ങൾക്കെതിരെ പ്രതികരിക്കാറുണ്ടോ?

**അനുപമ:**

കർത്താവ് ജനത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട വ്യക്തികളാകാൻ വേണ്ടിയാണ് ഞങ്ങളെ നിയോഗിച്ചിരിക്കുന്നത്. കർത്താവിനോടുള്ള പ്രേമം ഒന്നുകൊണ്ട് മാത്രമാണ് മഠത്തിൽ ചേർന്ന് പഠിച്ചതും, പിന്നീട് സാമൂഹ്യ സേവനം മാത്രം ലക്ഷ്യമിട്ട് സഭയിൽ ചേർന്നതും. പക്ഷേ, ഞങ്ങൾക്കൊരു സ്ഥാപനവൽക്കരിക്കപ്പെട്ട സഭയുടെ ഭാഗമാകാനേ കഴിയുന്നുള്ളു. അതുകൊണ്ടാണ് സഭാധികാരികളുടെ മോശം പ്രവർത്തികൾക്കെതിരെ ഞങ്ങൾക്ക് പ്രതികരിക്കേണ്ടി വരുന്നത്. സഭ എന്നത് ഒരിക്കലും ഒരു വ്യക്തിയോ, മേധാവിയോ അല്ല. ആയിരക്കണക്കിന്, പതിനായിരക്കണക്കിന്, ലക്ഷകണക്കിന് ആളുകൾ ചേരുന്നതാണ് സഭ. ഒരിക്കലും ഞങ്ങൾ സഭയെ മോശമായി ചിത്രീകരിക്കില്ല. പക്ഷേ, സഭയിലെ മേലധികാരികളിൽ



ഒന്നോ രണ്ടോ പേർ ഞങ്ങൾക്കെതിരെ പ്രവർത്തിക്കുമ്പോൾ ഞങ്ങൾക്ക് തിരിച്ചു പ്രതികരിക്കേണ്ടിവരുന്നു.

നിങ്ങൾക്ക് സമൂഹത്തിൽ വേണ്ടത്ര പരിഗണന ലഭിക്കുന്നുണ്ടോ ?

**അനുപമ:**

കർത്താവിന്റെ മണവാട്ടിമാർക്ക് സമൂഹത്തിൽ പരിഗണനയുടെ ആവശ്യമുണ്ടോ? കർത്താവിന് പോലും സമുഹത്തിൽ വേണ്ട പരിഗണന ലഭിച്ചിട്ടില്ല. ബൈബിളിൽ അതു വ്യക്തമാണ്. ചില അപ്രിയ സത്യങ്ങൾ വിളിച്ചു പറഞ്ഞതിന്റെ പേരിലാണ് കർത്താവ് ക്രൂശിലേറിയത്.

'നിങ്ങൾ എന്നെ പിന്തുടരാൻ ആഗ്രഹിക്കുന്നുവെങ്കിൽ സമൂഹത്തിന്റെ പരിഗണന ആഗ്രഹിക്കാതിരിക്കുക' എന്ന് കർത്താവ് പറഞ്ഞിട്ടുണ്ട്. പക്ഷെ, ഞങ്ങൾക്ക് ഈ കേസുമായി ബന്ധപ്പെട്ട് ഒരുപാട് പരിഗണന ലഭിച്ചു. സമൂഹത്തിലെ ഒരുപാടുപേർ ഞങ്ങൾക്ക് അവരുടെ സ്നേഹവും പരിഗണയും തന്നു. ഇപ്പോഴും തന്നുകൊണ്ടിരിക്കുന്നു.

കേരളത്തിലെ കന്യാസ്ത്രീകളുടെ അവകാശ സമരങ്ങളെപ്പറ്റി പറയാമോ ?

**അനുപമ:**

ഞങ്ങളൊരിക്കലും സർക്കാരിനോടൊ, സഭയോടൊ സമരം ചെയ്തിട്ടില്ല. ഞങ്ങളുടെ സമരം സഭാധികാരികളോടാണ്. ഞങ്ങൾക്കുണ്ടായ ദുരനുഭവങ്ങളിൽ നിന്നും പുറത്തു കടക്കാൻ കേസ് കൊടുക്കേണ്ടി വന്നു. സഭാധികാരികളുടെ കൈയ്യിൽ നിന്നും രക്ഷപെടണമെങ്കിൽ അവരുടെ മേൽക്കോയ്മ ഇല്ലാതാക്കണം. അതിനു വേണ്ടിയാണ് ഞങ്ങൾ സമരം ചെയ്തത്, ചെയ്തുകൊണ്ടിരിക്കു ന്നത്. ഇവിടെ ആദ്യമേ

തന്നെ സഭാധികാരികളുടെ ഭാഗത്ത് നിന്നും നല്ലൊരു ഉത്തരം ലഭിച്ചിരുന്നെങ്കിൽ നീതിക്ക് വേണ്ടി ഞങ്ങൾ തെരുവിൽ ഇറങ്ങേണ്ടി വരില്ലായിരുന്നു. സഭാധികാരികളോടാണ് ഞങ്ങൾ ഞങ്ങളുടെ അവകാശങ്ങൾ ചോദിച്ചത് സർക്കാരിനോടല്ല. ഒട്ടുമിക്ക കന്യാസ്ത്രീകളുടെ സമരങ്ങളും അങ്ങനെയാണ്. സഭ നീതി നിഷേധിക്കുന്നതു കൊണ്ടാണ്. തെരുവിൽ ഇറങ്ങേണ്ടി വരുന്നത്. അതിലെ വിജയവും പരാജയവും കർത്താവിന്റെ തീരുമാനമാണ്...

ഇനിയും എത്രനാൾ ഇങ്ങനെ തടവിലാക്കപ്പെട്ട പോലെ കഴിയേണ്ടി വരും ?

**അനുപമ:**

ഞങ്ങൾ തടവിലാക്കപ്പെട്ടിട്ടില്ല, ഞങ്ങളോടൊപ്പം ഞങ്ങളുടെ കുടുംബങ്ങളുണ്ട്, ഇവിടുത്തെ നിയമമുണ്ട് എല്ലാത്തിനും ഉപരി കർത്താവുണ്ട്.

കേസിന്റെ സ്ഥിതി എന്താണ് ?

**അനുപമ:**

ഇപ്പോൾ ഒന്നും അറിയില്ല. ഹർജി കോടതിയിൽ കിടക്കുകയാണ്. പണ്ടൊക്കെ ഇങ്ങനെ സമരം ചെയ്യുന്നവരുടെ കൂടെ അവരുടെ കുടുംബം ഉണ്ടാകാറില്ല. ഗൃഹ ദോഷവും, സഭയുടെ നാണക്കേടും ഭയന്നാണ് മിക്കവരും ഒഴിഞ്ഞു മാറിയിരുന്നത്.

എന്നാൽ ഞങ്ങളുടെ കേസിൽ അങ്ങനെയല്ല, ഞങ്ങളുടെ കുടുംബം ഞങ്ങളുടെ കൂടെയുണ്ട്. അവരും ഞങ്ങളുടെ സമരത്തിൽ പങ്ക് ചേരുന്നു. കേസിൽ നിന്നും ഒഴുവാകാൻ ഞങ്ങൾക്ക് ഒരുപട് വാഗ്ദാനങ്ങൾ തന്നു. ഒരോരുത്തർക്കും പത്തേക്കർ പുരയിടം, അഞ്ച് കോടി രൂപ അങ്ങനെ പലതും അതും നടക്കാതെ വന്നപ്പോൾ ഞങ്ങളുടെ ജീവൻ അപായപ്പെടുത്താൻ പലരും ശ്രമിച്ചു. കർത്താവ് ഞങ്ങളോടൊപ്പമാണെങ്കിൽ ഞങ്ങൾക്ക് നീതി ലഭിക്കും, അതിനി എത്ര കൊല്ലം കഴിഞ്ഞിട്ടാണെങ്കിലും. കർത്താവ് തന്നെയാണ് ഞങ്ങൾക്ക് വേണ്ടി സമരം ചെയ്യുന്നത്.

ഒരു ചോദ്യം കൂടി, ദൈവശാസ്ത്ര പഠനം പൂർത്തീകരിച്ചവരാണല്ലോ നിങ്ങൾ. പാഠ്യപദ്ധതിയിൽ ദൈവശാസ്ത്ര പഠനം എന്തെങ്കിലും ഗുണം ഉണ്ടാക്കുന്നുണ്ടോ?

**അനുപമ:**

എന്റെ അഭിപ്രായത്തിൽ ഉണ്ട്. മതങ്ങൾക്കകത്തും, മതങ്ങൾക്കിടയിലും ഒരുപാട് മത്സരങ്ങൾ നിലനിൽക്കുന്നുണ്ട്. അതുകൊണ്ട്, മതപഠനങ്ങളെക്കാളും ഗുണം ചെയ്യുക ദൈവശാസ്ത്ര പഠനമായിരിക്കും.

ദൈവശാസ്ത്ര പഠനത്തിലൂടെ ആധികാരികമായി ദൈവത്തെ അറിയാനും, പരസ്പരം സ്നേഹിക്കാനും പഠിക്കുന്നു. ഒരു ദൈവവും പരസ്പരം കലഹിക്കാൻ ആവശ്യപ്പെടുന്നില്ല. അതനുസരിച്ച് മുന്നോട്ട് പോകാൻ ആധികാരികമായ, വ്യക്തതയുള്ള ദൈവശാസ്ത്ര പഠനം സഹായകമാകും....



കാക്കകൾക്ക് ജാതിയുണ്ട്,

ബലിക്കാക്കയും പേനകാക്കയും.


ഇരു കൂട്ടരും സമൂഹ്യ

ജീവികളായതുകൊണ്ട് തന്നെ

നിപുണതയിലോ, ഇണചേരലിലോ

ജാതിയില്ല.

**സൂര്യ നാരായണൻ**





സൗന്ദര്യ നിഗൂഢതകൾ
ആലേഖനം ചെയ്തിരിക്കുന്ന
കറുത്ത മനുഷ്യ ശരീരമേ...
നിന്റെ തുടകൾക്കിടയിലൂടെ
ഞാനീ ലോകത്തിലേക്ക്
പ്രവഹിക്കട്ടെ...

നിന്റെ മുലപ്പാൽ എന്റെ
വിശപ്പടക്കട്ടെ... വേറൊന്നും
ഞാനിപ്പോൾ ചിന്തിക്കുന്നില്ല.
ഇവിടെയെനിക്ക്
ശ്വാസംമുട്ടുന്നു...!



കളിച്ചും ചിരിച്ചും
കടിച്ചും നുണഞ്ഞും
നീയെന്റെ പ്രാണനെ
കട്ടെടുത്തു...!
നീ നിന്റെ പൂക്കളെ
എനിക്കു തന്നു,
ഞാനതിൽ മുഴുവനും
തേൻ നിറച്ചു...!

നിതിൻ എസ്



എന്റെ കാക്കയെ നിങ്ങൾ പകുത്തോളിൻ
പോട്ടെ കാക്ക കൊമ്പു നിങ്ങളെടുത്തോളിൻ
പല്ലു നിങ്ങളെടുത്തോളിൻ
പൂവൻ മുട്ട നിങ്ങളെടുത്തോളിൻ
മുലയും നിങ്ങളെടുത്തോളിൻ

**വിഷ്ണു എസ്**
(കോളേജ് യൂണിയൻ ചെയർമാൻ)



കടലാസും വിരലും
മൃദുവാണ്, വാക്കും
മുഷ്ടിയും ദൃഢമാക്കുക...!

# കാ...



# കാ...

കാക്കേ കുളിപ്പിച്ച്
കൊക്കാക്കണോ?
കാക്ക കാക്കയല്ലേ.

# കാ...

# കുഞ്ഞുപ്രേമം

ഞാനെന്റെ സ്ഥിരം കാഴ്ചകൾക്കൊപ്പം ബസ്സിൽ കയറി. ഉച്ച ഉച്ചിയിലുണ്ടായതുകൊണ്ട് വലിയ തിരക്കില്ല. വീടുവരെ ഏകദേശം ഒരു മണിക്കൂർ യാത്രയുണ്ട്. ഒന്നുറങ്ങാം. ആരൊ അടുത്തു വന്നിരുന്നു. അൽപം കറുത്ത, കുറിയ മനുഷ്യൻ, ഞാനയാളെ ഒന്നു നോക്കി. അയാൾ മധുരമുള്ളൊരു പുഞ്ചിരി തന്നു. തന്നത് തിരിച്ചു കൊടുത്തു. അയാൾ സംസാരിക്കാൻ തുടങ്ങി. എന്നേ പറ്റി തിരക്കി. സംസാരം നീണ്ടു. അയാളുടെ കൈകളും. അയാൾക്കെന്നോട് പ്രേമം തോന്നാൻ തുടങ്ങി.

## കുണ്ടൻ.

അയാളെന്റെ ചുരുളൻ മുടിയിഴകളിൽ തലോടി. എന്റെ ബലിഷ്ഠമായ കൈ ഞരമ്പുകളിലൂടെ വിരലോടിച്ചു. ഇടത്തേ തുടയിൽ കൈയ്യമർത്തി. ഞാനൊന്ന് അനങ്ങിക്കൊണ്ട് അയാളുടെ മുഖത്തേക്ക് നോക്കി. പ്രേമോധാരനായി അയാളെന്റെ തുടയ്ക്കിടയിലെ മാംസത്തെനോക്കി വെള്ളമിറക്കുന്നത് ഞാനറിഞ്ഞു. പിന്നത്തെ സംസാരത്തിനിടയിൽ അച്ഛൻ പോലീസിലാണെന്ന് പറഞ്ഞു. സ്റ്റോപ്പെത്തും മുമ്പേ അയാളിറങ്ങി. എനിക്കയാളുടെ പ്രേമം നിഷേധിക്കപ്പെട്ടു...

**നിതിൻ എസ്**

*കോഴിക്കോട് ടൗൺഹാളിൽ തിങ്ങി നിറഞ്ഞ*
*സദസ്സിൽ ഒരു വൈകുന്നേരം വൈക്കം*
*മുഹമ്മദ് ബഷീർ സംസാരിക്കുകയാണ്...*

## 'എന്ത് കൊണ്ടാണ് നിങ്ങൾ കാക്കാമാരും കാക്കാത്തികളുമായതെന്ന് നിങ്ങൾക്കറിയുമോ?'

**ബഷീർ ചോദിച്ചു.**



## 'ഇല്ല'

എന്ന് സദസ്സിന്റെ ഭാവം.

'ഒരു കാക്കക്ക് ഒരപ്പം കിട്ടിയാൽ
അത് കാ... കാ... എന്നു പറഞ്ഞു
ആ പ്രദേശത്തുള്ള മുഴുവൻ
കാക്കകളെയും വിളിച്ചു വരുത്തും
ശേഷം കിട്ടിയ ഭക്ഷണം എല്ലാവരും
പങ്കിട്ടു കൊടുക്കും. ഈ
ഒത്തൊരുമയും ഹൃദയ
വിശാലതയുമാണ് നിങ്ങളെ
കാക്കാമാരാക്കിയത്...'

*സദസ്സിൽ കൂട്ട കൈയ്യടി.*

ലക്ഷ്മി എസ്

# ലോകോത്തരനിലവാരമുള്ള ആത്മാക്കളുണ്ട്!

രാത്രിസഞ്ചാരികളായ ഇവർ
ഒറ്റ രാത്രികൊണ്ട് ലോകം മുഴുവൻ
ഏഴ് പ്രാവശ്യം കറങ്ങുന്നു, നമ്മുടെ
കിടപ്പുമുറികളിൽ എത്തിനോക്കുന്നു
സ്വകാര്യതയിൽ പങ്ക് ചേരുന്നു..!
ഇവയെ ഇങ്ങനെ ക്രോഡീകരിക്കാം.
രാത്രിയിൽ നാമെല്ലാം നിലവാരം പുലർത്തുന്ന
ആത്മാക്കളുടെ നിരീക്ഷണത്തിലാണ്.



# SCORES



Don't be fooled
By her flawless skin
for the scars she holds
Are deep within
The smile she wars
Is just a mask
To hide the tears
Within them scars
To keep herself
from falling apart.

SNEHA B LAL

പതിവ് തെറ്റാതെ
ജനലഴികളിലൂടെ
അരിച്ചിറങ്ങാറുള്ള
നിലാവെളിച്ചത്തിൽ തെ
ളിഞ്ഞുനിൽക്കുന്ന
ആകാശത്തിനപ്പുറം
അവൾക്ക്
മാത്രമറിയാവുന്ന
രണ്ടാമിടത്ത് എത്താറുള്ള
അമ്മയോട് അവൾ
തിരക്കിട്ട് എന്തൊക്കെയോ
പുലമ്പുന്നുണ്ടായിരുന്നു.....
പൾസ്സുകൾക്കൊപ്പം
ഓടിനടന്നിരുന്ന ആ
പ്രൊഫഷണൽ രാത്രികളെ
തെല്ലൊന്ന്
സാന്ത്വനിപ്പിച്ചിരുന്നതും
ആ
കൂടിക്കാഴ്ചകളായിരുന്നു....
ആകാശത്തിലെ
മിന്നാമിനുങ്ങുകൾ
ക്കിടയിലും ഓർമ്മകളിലെ
കൊള്ളിയാനിടിവെട്ടം
പോലെ കാക്കയുടെ കഥ
പറഞ്ഞ മുത്തശ്ശിയുടെ
കാച്ചെണ്ണ മണവും,
എറിഞ്ഞിട്ട മാങ്ങയുടെ
ചെനയും മഴയത്ത്
എടുത്തോടിക്കൊണ്ടുവന്ന
ചക്കിയുടെ മുഖവും,
തേന്മാവിൻകൊമ്പിലെ
തേനൂറുന്ന
മാമ്പഴത്തിനായുള്ള
സാഹസികതയും,
കണ്ണെഴുതിയ
പൊണ്ണക്കണക്ക് പിടിച്ച
ചൂരലിന്റെ നീറ്റലും,
പൊതിച്ചോറിലെ
ചമ്മന്തിയും,
താക്കോൽക്കൂട്ടത്തിലെ
'ചെ' യും, വാക്കുകളിലെ
ചുവപ്പും, സൊറകൾക്ക്
ചൂടായ കട്ടനും ഒടുവിൽ
ഹിമാലയമോഹങ്ങൾക്കു
മീതെ കാലം സമ്മാനിച്ച
അനാഥത്വവുമെല്ലാം
അവളുടെ മനസ്സിനെ
നിറമണിയിക്കുകയും
കണ്ണീരണിയിക്കുകയും
ചെയ്തുകൊണ്ടിരുന്നു.
അവളുടെ ക്ഷയിച്ച
സ്വപ്നങ്ങളുടെ മാറിൽ
അരിമുല്ലപ്പൂവുകൾ
വീണ്ടും സുഗന്ധം
പരത്തുന്നത്
കണ്ടിട്ടാകണം
കയ്യിലവൾക്കൊപ്പം
ചുണ്ട്കോട്ടിയ സമയമണി
കാട്ടിയ കുസൃതിയാൽ
അപ്പോഴേക്കും കിഴക്കിന്റെ
മുഖത്ത് കുങ്കുമവർണ്ണം
പരന്നിരുന്നു.....

കിടക്കകളിലെ
നിഷ്കളങ്കമുഖങ്ങൾക്ക്
ഒരു അർത്ഥശൂന്യമായ
പുഞ്ചിരി നൽകി, അവൾ
ആശുപത്രി
വിട്ടിറങ്ങി.....മോർച്ചറിക്കു
സമീപമുള്ള
കരിഞ്ഞുണങ്ങിയ
വാകമരത്തിന് താഴെ
പൊട്ടിമുളച്ച തളിരിലകൾ
അവളെ നോക്കി
പുഞ്ചിരിക്കുന്നുണ്ടായിരു
ന്നു. കാലം സമ്മാനിച്ച
അനാഥത്വത്തിനിടയിലും,
അനാഥമന്ദിരത്തിലെ
വാകമരച്ചോടുകളേക്കാൾ
അവൾക്ക് പ്രിയം
നഗരമധ്യത്തിലെ ആ
കെട്ടിടമായിരുന്നു.

# മൂകസാക്ഷികൾ



ഗുൽമോഹറുകൾ
തണൽതീർത്ത ആ
വഴിയിലൂടെ അവൾ നടന്ന്
ലൈബ്രറിയുടെ
മുന്നിലെത്തി. അവളുടെ
ഹൃദയത്തിന് ഋതുക്കളുടെ
സ്വഭാവമുണ്ടെന്ന്
പഠിപ്പിച്ചുകൊടുത്തയിടം..
ഒടുവിൽ അവളുടെ
മരണവെപ്രാളങ്ങൾക്കും
കുദാശയ്ക്കും സാക്ഷ്യം
വഹിച്ചേക്കാം എന്നവൾ
കരുതുന്നയിടം.
അവളെപ്പോലെയുള്ള
ചുരുക്കം ചിലരുടെ
വന്നുപോക്കിൽ മാത്രം
ശ്വാസം
നിലനിന്നുപോയിരുന്ന
പൂർണ്ണമായും ആ നഗരം
മറന്ന കെട്ടിടത്തിലേക്ക്
അവൾ കടന്നുകയറി.

ലൈബ്രറിയുടെ
കോണുകളിലെ
കാലഹരണപ്പെട്ട
പുസ്തകത്താളുകളിലെ
അക്ഷരങ്ങളുടെ ലഹരി
അറിയുവാനുള്ള ആ
വേഗത്തിനിടയിലാണ്
അവൾ John Banevilla
യുടെ " The sea"
എന്ന പുസ്തകത്തിന്റെ
കവർപേജ് കാണുന്നതും.
അവിടെ നിന്ന് കാതങ്ങൾ
അകലെയുള്ള
കടൽക്കരയിലേക്ക്
പോകാൻ അവൾക്ക്
രണ്ടാമതൊരിക്കൽ
ചിന്തിക്കേണ്ടിവന്നില്ല.

പൾസ്സുകൾക്കൊപ്പമോടി
തളർന്നിരുന്ന നാലു
വൈകുന്നേരങ്ങളിലായി
പല പകലുകളെയും
തിര വിഴുങ്ങുന്നതിന്
സാക്ഷിയായി.
വിദൂരങ്ങളിൽ നിന്ന്
ആവേശത്തോടെയെത്തി
തീരത്ത് തലതല്ലി
ചാവുന്ന തിരകളെ
നോക്കി
പുഞ്ചിരിച്ചുകൊണ്ടവൾ
തന്റെ വന്നുപോകുന്ന
തീരത്തെ
നനഞ്ഞമണലിൽ
രേഖപ്പെടുത്തിക്കൊണ്ടി
രുന്നു. ഭാവ
വ്യത്യാസമില്ലാത്ത
ചിന്തയിൽ മുഴുകി
നടക്കുന്ന പെണ്ണിൽ
സദാചാരത്തിന്റെ
കഴുകൻ കണ്ണുകൾ
ഉന്നമിട്ടത് അവൾ
അറിഞ്ഞതേയില്ല. അവൾ
ഭംഗിയായി
ചീകിയൊതുക്കി
വച്ചിരുന്ന അവളുടെ
മുടിയിഴകൾ ,
കത്തിക്കരിഞ്ഞ
ശവങ്ങളുടെ മണമേറി
വന്ന കാറ്റിൽ
അഴിഞ്ഞുലഞ്ഞു.
'മുടിയിഴകളോടാണല്ലോ
കാറ്റിനെന്നും കഠിന
പ്രണയം...!'പകലിനെ
പൂർണ്ണമായും
തിരവിഴുങ്ങിയപ്പോഴാണ്
സമയമണികളിലേക്ക്
അവളുടെ ദൃഷ്ടി
പതിഞ്ഞത്.

പകലിനെ വിഴുങ്ങുന്ന
തിരകൾക്ക്
അർത്ഥശൂന്യമായ പുഞ്ചിരി
സമ്മാനിച്ച്,
തലതല്ലിച്ചാവുന്ന തിരകളെ
സാക്ഷിയാക്കി അവൾ
ഇരിപ്പടത്തിൽ
നിന്നെഴുന്നേറ്റു.
അതുവരെയും അവളുടെ
മുടിയിഴകളെ
പ്രണിയിച്ചുകൊണ്ടിരുന്ന
കാറ്റ് പുറത്തേക്കുള്ള വഴി
തിരിഞ്ഞ് പരക്കം പാഞ്ഞു.
ഒരു പകൽ മുഴുവൻ
പുസ്തകങ്ങൾക്കു
പിന്നാലെ
അസ്വഭാവികമായി
അലഞ്ഞു തീർത്തതിന്റെ
പൊരുൾ അവൾക്കു
പോലും
അറിയില്ലായിരുന്നു.
തന്നിലെ വിഷാദത്തീവണ്ടി
വഴിയിലെവിടെയോ പാളം
തെറ്റിയതായി അവൾക്കു
തോന്നി. കരിയും പുകയും
കുറവുണ്ട് ചിന്തകളിൽ.
മഞ്ഞമന്ദാരങ്ങൾ
പൂവിട്ടിരുന്ന വിജനമായ
പാതവക്കിലെ പുഞ്ചിരിച്ച
നീലശംഖുപുഷ്പങ്ങളിൽ
വിരൽ തൊട്ടുകൊണ്ടവൾ
നടന്നു. അപ്പോഴും
അയാൾ അവളുടെ മി
ഴികളിൽ നിന്നും
മറഞ്ഞിരിക്കികയായിരുന്നു.
പരിചിതമേറിയ
വഴിയിടങ്ങളിലെ
അപരിചിതത്വം അവളെ
തെല്ലൊന്നു കീഴടക്കി.
അവളുടെ കണ്ണുകൾ

മഞ്ഞമന്ദാരപുഷ്പങ്ങൾക്കി
ടയിലൂടെ ശവം തിന്നുന്ന
തീ നാളങ്ങളിൽ
തറച്ചുനിന്നു. ജ്വലിക്കുന്ന
തീ നാളങ്ങൾക്കിടയിലൂടെ
അവ്യക്തമായി
അവളെന്തോ... തന്റെ
മുടിയിഴകളെ അഗാധമായി
പ്രണയിച്ചു കൊണ്ടിരുന്ന
കാറ്റിന്റെ ഭാവം മാറി.
ജീവന്റെ തുടിപ്പുകളെ
വിലയിരുത്തുന്നവൾക്ക്
തന്നെ പിന്തുടരുന്ന
കാലൊച്ച കേൾക്കുന്നതിൽ
വീഴ്ച പറ്റി. അവൾക്ക്
തൊണ്ടയിടറി...

കാലിടറി മരത്തിന്റെ
കരിഞ്ഞുണങ്ങിയ
മരക്കൊമ്പിലിരുന്ന
കഴുകന്റെ കണ്ണിൽ,
ചിതലരിച്ച
ഇടിഞ്ഞുവീഴാറായ
കെട്ടിടത്തിലേക്ക് ഒരാൾ
എന്തോ
വലിച്ചിഴച്ചുകൊണ്ടു
പോകുന്നതിന്റെ
പ്രതിബിംബം
തെളിഞ്ഞു...
തൊട്ടാവാടികൾ
പാതകൾ തീർത്തു...
എല്ലാറ്റിനും
സാക്ഷിയായിരുന്ന

ആ തണൽവൃക്ഷത്തിലെ
വവ്വാലുകൾ
ചിറകടിച്ചെങ്ങോ
പറന്നുപോയി...
എവിടെയോ കേട്ടുമറന്ന
അലമുറകൾ ഭിത്തിയിൽ
തട്ടിയവളെ അക്രമിച്ചു.
കനൽകോറിയിട്ട കോ
ണിലേക്ക് മരണമവളെ വി
ളിച്ചിറക്കിക്കൊണ്ടു
പോകുമെന്ന്
ഉറപ്പായപ്പോൾ കാറ്റ്
അലറി വിളിച്ചു.
മൂകസാക്ഷികളെ
മുൻനിർത്തി
പുസ്തകങ്ങളെ
പ്രണയിച്ചവളുടെ
ചിതയിലേക്കുള്ള യാത്ര...



അഭയ് അശോക്

‘പച്ചമുരുക്കിന്റെ ചില്ലതോറും
പത്മരാഗങ്ങൾ വിളഞ്ഞിടുമ്പോൾ

കൂത്തടിപ്പൂ തേൻ കുടിച്ചു കാക്ക,
പുത്തിരുവാതിരപ്പെണ്ണുപോലെ!

ആണിനെക്കൊത്തിച്ചൊറിഞ്ഞിടുന്നൂ,
നാണമാർന്നൂളിയിട്ടോടിടുന്നു.

ഉച്ചലൽപ്പീലിവിശറിയാലേ
മച്ചിലെദ്ദീപമണച്ചിടുന്നു..’’

-വൈലോപ്പിള്ളി ശ്രീധരമേനോൻ
( കാക്ക )



ലോകത്ത് എല്ലായിടത്തും കാക്കയുണ്ട്. വിശ്വ സാഹിത്യത്തിൽ കാക്കയുടെ പ്രണയം
ഇത്രയും മനോഹരമായി പറയുന്ന വരികൾ വേറെ ഉണ്ടാകില്ല.

യാദൃശ്ചികമായി ഹൃദയ ശുദ്ധിയും, സ്നേഹ സമ്പന്നനുമായ ഒരുവന് ഞാനെന്റെ ഹൃദയം പകുത്തു കൊടുത്തു. എന്റെ മുമ്പത്തെ ബന്ധങ്ങളും അതിലുണ്ടായിട്ടുള്ള ചേഷ്ടകളും, കാഹളങ്ങളും ഞാനയാൾടെയടുത്ത് അതേ വൈകാരികതയോടെ അവതരിപ്പിച്ചു. ഒരു കുഞ്ഞു പൂച്ചയുടെ മുഖഭാവത്തോടെ, അതീവ ഹൃദയലാളിത്യത്തോടെ അയാളത് മുഴുവനും ശ്രദ്ധയോടെ കേട്ടു. ആ ദിവസങ്ങളിൽ ഞാൻ ആനന്ദ നിർവൃതിയുടെ പരകോടി കണ്ടു അയാളെനിക്ക് ആശ്വാസമായിരുന്നു, എന്നെ പിന്തുണയ്ക്കുന്ന, സഹായങ്ങൾ ചെയ്യുന്ന എന്തും പറയാനാകുന്ന പ്രേമോധാരനായിരുന്നു. പിന്നെ പിന്നെ അയാൾ അഴിയാൻ തുടങ്ങി, കറുവപ്പട്ടയുടെ കട്ടിയുള്ള അയാളുടെ തൊലി അഴിഞ്ഞ് തേഞ്ഞ് വീണു അവിടെയനിക്ക് അസ്വസ്ഥമായ സന്ദിഗ്ധമായ ഒരു ലോകം ഞാൻ കണ്ടു. കഴുകന്റെ നോട്ടം അയാളിലേക്ക് ആവേശിച്ചു. പാമ്പിന്റെ പക അയാളിൽ ഉരുവം കൊണ്ടു. സംശയ ദൃഷ്ട്യാ അയാൾ സദാ സമയവും എനിക്കുമേലെ പെയ്തു കൊണ്ടിരുന്നു. അയാളോട് പുച്ഛം തോന്നാൻ തുടങ്ങി. അയാളുടെ അറിവിനോടും കാര്യപ്രാപ്തിയോടും അറപ്പ് തോന്നി. വല്ല വിധേനയും അയാളിൽ നിന്നും രക്ഷപെടാൻ ശ്രമമാരംഭിച്ചു. പക്ഷേ അയാളെന്നെ വിടുന്നില്ല, കാട്ടുവള്ളികൾപോലെ അയാളെന്നെ എവിടെയൊക്കെയോ ചുറ്റി വരിഞ്ഞിരുന്നു.

**കൃപ**

വിവർത്തനം


# വനത്തിലെ പെൺകുട്ടി

എന്റെ ആത്മാവിന്റെ സവാരിക്കുള്ള ചുവന്ന
ശിരോവസ്ത്രമേ,
ആരും പ്രതീക്ഷിക്കാത്ത നിഴലിൽ ആണ്
ചെന്നായ പതുങ്ങുന്നത്
അവൻ നിങ്ങളെ ശ്രദ്ധിക്കുന്നുണ്ടാകും
അവന്റെ ദീനതയാർന്ന പാറക്കൂട്ടത്തിൽ
നിന്നും, അവന്റെ ഏകാന്തമായ, യഥേഷ്ടമായ
വിശപ്പോടുകൂടി. നിന്റെ കണ്ണുകൾ ഇത്ര
ഉരുണ്ടതും വലുതുമായത്
എന്തുകൊണ്ടാണ്, നിങ്ങൾ ചോദിക്കുന്നു.
'നിങ്ങളെ വ്യക്തമായി കാണാൻ'
മോങ്ങിക്കൊണ്ടവൻ ഉത്തരം പറയുന്നു.
വീണ്ടും നിങ്ങൾ ചോദിക്കുന്നു
എന്തുകൊണ്ടാണ് നിനക്ക് ഇത്രയും
വലിയ ചെവി 'ഓഹ് ലോകസംഗീതമേ,
നിന്നെ കേൾക്കാൻ,
നിന്നെ കേൾക്കാൻ വേണ്ടി മാത്രം.
പിന്നെ അവശേഷിച്ചത് അന്ധകാരമാണ്,
മനസ്സിലാക്കുക അസാധ്യമായ അന്ധകാരം.

ധന്യ കെ എസ്



പോ കാക്കേ
പോ കാക്കേ



കേരള ചരിത്രത്തിൽ എഴുപതുകൾ അടയാളപ്പെടുത്തിയത് ഒരുകൂട്ടം വിപ്ലവകാരികളാണ്. അധികാര മേൽക്കോയ്മയും ഭരണകൂട ഭീകരതയും നടമാടിയിരുന്ന കാലത്ത് കവിതയും, നാടകങ്ങളുമായി അവർ തെരുവിലേക്കിറങ്ങി. നിലവിലുണ്ടായിരുന്ന വ്യവസ്ഥകളെ അട്ടിമറിച്ച് പുരോഗമനോദയം ഹൃദയങ്ങളിൽ ഉരുവം കൊണ്ടു. കവിതകളും, തെരുവ് നാടകങ്ങളും, സമ്മേളനങ്ങളും തെരുവുകളെ ഉദ്ബോധിപ്പിച്ചു. വിപ്ലവകരമായ മാറ്റം കേരള ചരിത്രത്തിൽ യുവാക്കൾ നേടിയെടുത്തു. കഴിഞ്ഞുവന്ന കാലത്തേയും, ഓർമ്മകളേയും നമുക്ക് വേണ്ടി പങ്ക് വയ്ക്കുകയാണ് കവിയും, നാടകകൃത്തും, സാംസ്കാരിക പ്രവർത്തകനും, മുൻ നക്സലെറ്റുമായ സിവിക് ചന്ദ്രൻ മാഷ്. അദ്ദേഹവുമായി നടത്തിയ അഭിമുഖത്തിൽ നിന്ന്.



# യൗവനം പ്രതിഷേധിക്കാനുള്ളതാണ്

സിവിക് ചന്ദ്രൻ.

**മാഷിന്റെ സാംസ്കാരിക രാഷ്ട്രീയ ജീവിതത്തെപ്പറ്റി പറയാമോ?**

ക്ഷുഭിത യൗവനത്തിന്റെ രണ്ടു പതിറ്റാണ്ടുകളാണ് കേരളത്തിൽ ഉണ്ടായിട്ടുള്ളത്. 1950 കളിൽ തോപ്പിൽ ഭാസി, വയലാർ, പി.ഭാസ്കരൻ, ഒ.എൻ.വി, തിരുനെല്ലൂർ കരുണാകരൻ, പുതുശ്ശേരി രാമചന്ദ്രൻ ഒക്കെ വന്നിട്ടുള്ള ആദ്യത്തെ ചുവന്ന ദശകം. രണ്ടാമത്തെ ചുവന്ന ദശകം എഴുപതുകളാണ് അതിലാണ് കെ. വേണു, അജിത, കടമ്മനിട്ട, സച്ചിദാനന്ദൻ, ബാലചന്ദ്രൻ ചുള്ളിക്കാട്, ഞങ്ങളൊക്കെയുള്ളത്. അക്കാലങ്ങളിൽ ചെറുപ്പക്കാരുടെ രക്തം തിളയ്ക്കാനും തെരുവിൽ ഇറങ്ങാനും അതിന്റേതായ കാരണങ്ങളുണ്ടായിരുന്നു. പക്ഷേ, പിന്നീട് ലോകം ആകെ മാറിയല്ലോ. ഞങ്ങളെ രണ്ടു കൂട്ടരെയും ഉത്തേജിപ്പിച്ചിരുന്ന പ്രത്യയശാസ്ത്രം തന്നെ ചോദ്യം

ചെയ്യപ്പെട്ടു. ഇനിയിപ്പോൾ അമ്പതുകളിലേയും എഴുപതുകളിലേയും പ്രത്യയ ശാസ്ത്രങ്ങളിൽ വിശ്വാസം തുടരുന്നതിൽ അർത്ഥമില്ല. പുതിയ യാഥാർത്ഥ്യമനുസരിച്ച്, ലോകാനുഭവമനുസരിച്ച്, ചെറുത്തുനിൽപ്പുകളും പുതിയ ലോകത്തേക്കും കാലത്തേക്കും വരേണ്ടതുണ്ട്. എഴുപതുകളിൽ തെരുവിലിറങ്ങിയത്, യൗവനം ഈ ആക്ടിവിസത്തിന് നല്കിയത് ശരിയെന്ന് തന്നെയെന്ന് ഞാൻ ഇപ്പോഴും വിശ്വസിക്കുന്നു. പക്ഷെ ഇപ്പോഴത് ഒരു പഴങ്കഥ മാത്രം. ചരിത്ര വിദ്യാർത്ഥികൾക്ക് പഠിക്കാവുന്ന ചിത്രാനുഭവം മാത്രം. അതിന്റെ തുടർച്ച എന്നവകാശപ്പെടുന്ന മാവോയിസ്റ്റുകൾ, വിപ്ലവകാരികൾ എങ്ങനെ ആയിരിക്കരുതെന്നതിന്റെ മാതൃകയാണ്. വെള്ളത്തിലെ മീനുകളെ പോലെയാണ് വിപ്ലവകാരികൾ ജീവിക്കേണ്ടത്. അതിർത്തിക്കാടുകളിൽ പട്ടാള യൂണിഫോമിൽ നുലിലിറങ്ങി വരേണ്ടവരല്ല വിപ്ലവകാരികൾ അവർ ജനങ്ങൾക്കിടയിൽ പ്രവർത്തിച്ച് ജനങ്ങളുടെ പിന്തുണ നേടണം.

ഞാനും അടിയന്തരാവസ്ഥ കാലത്ത് ജയിലിലുണ്ടായിരുന്നു. അന്നത്തെ കണ്ണൂർ ജയിലിൽ ഇപ്പോഴത്തെ കേരള മുഖ്യമന്ത്രി പിണറായി വിജയനുമുണ്ടായിരുന്നു. നാവടക്കൂ, പണിയെടുക്കൂ എന്ന അടിയന്തിരാവസ്ഥയുടെ കല്പന അനുസരിക്കാതിരുന്ന ചെറുപ്പക്കാരുടെ തലമുറ പിന്നീട് ഇക്കണ്ട കവികളേയും കലാകാരന്മാരേയും മുഴുവൻ സൃഷ്ടിച്ച, സച്ചിദാനന്ദനേയും കെ.ജി. ശങ്കരപ്പിള്ളയെയും സൃഷ്ടിച്ച, എം.സുകുമാരനേയും യു.പി ജയരാജിനേയും ബാലചന്ദ്രൻ ചുള്ളിക്കാടിനെയും സൃഷ്ടിച്ച എഴുപതെൺപതുകൾ.... കവിയരങ്ങുകളുടെ തെരുവുനാടകങ്ങളുടെ, തെരുവുപത്രങ്ങളുടെ ലിറ്റിൽ മാസികകളുടെ ജനകീയ വിചാരണകളുടെ കാലം ഈ മുന്നേറ്റത്തിന് സാംസ്കാരിക നേതൃത്വം നൽകിയ ജനകീയ സാംസ്കാരിക വേദിയുടെ സെക്രട്ടറി ആയിരുന്നു ഞാനന്ന്. ഇതൊക്കെയാണ് എന്റെ രാഷ്ട്രീയവും സാംസ്കാരികവുമായ ജീവിതം.

**ഇപ്പോഴത്തെ നക്സലേറ്റുകളോട് യോജിക്കുന്നുണ്ടോ ?**

ഒട്ടുമില്ല. ഇപ്പോഴത്തെ നക്സലേറ്റുകളോട് എന്തിന് യോജിക്കണം?. ഓരോ ആറ് മാസം കൂടുമ്പോഴും വെടിയേറ്റ് ചത്തു വീഴാൻ വിധിക്കപ്പെട്ട പാഴ്ജന്മങ്ങൾ. സഹതാപമല്ലാതെ മറ്റെന്ത് ? അതേ അവസരത്തിൽ എഴുപതുകളിൽ നിങ്ങൾ ചെയ്തത് ശരിയാണോ എന്ന് ചോദിച്ചാൽ അന്നത്തെ നിലയ്ക്ക് അത് ശരിയായിരുന്നു. അമ്പതുകളിൽ എങ്ങനെയാണോ ചെറുപ്പക്കാർ തെരുവിൽ ഇറങ്ങിയത് അതേമാതിരി തന്നെയാണ് എഴുപതുകളിലും ഞങ്ങൾ തെരുവിൽ ഇറങ്ങിയത്. എന്നാൽ ഇതുരണ്ടും പുതിയ കാലത്ത് അതേ പോലെ പുനരവതരിപ്പിക്കുന്നത് ശരിയല്ല കാലവും ലോകവും മാറുന്നത് മനസിലാക്കാനുള്ള കോമൺസെൻസ് വിപ്ലവകാരികൾക്കും വേണം കൊടുങ്കാടുകളിൽ ഒളിച്ചു കളിക്കുകയല്ലാതെ ഇവർ ആദിവാസികളുടെ, ദലിതരുടെ, സ്ത്രീകളുടെ, മറ്റു പാർശ്വവൽകൃതരുടെ പ്രശ്നങ്ങളിലിടപെടുകയാണ് വേണ്ടത്.

**തെരുവ് നാടകവതരണത്തിൽ മറക്കാൻ കഴിയാത്ത ഒരു ഓർമ്മ പറയാമോ?**

കേരളത്തിലെ ആദ്യ തെരുവ് നാടകം എഴുതുന്നത് ഞാനാണ്. തെരുവ് നാടകാവതരണത്തിന്റെ പേരിൽ കൊല്ലം ജയിലിലടക്കം കിടന്നിട്ടുമുണ്ട്. അടിയന്തിരാവസ്ഥക്കാലത്തെ എഞ്ചിനീയറിങ് വിദ്യാർഥി രാജൻ കൊല ചെയ്യപ്പെട്ട കേസിലെ പ്രതികളെ അറസ്റ്റ് ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ടും അന്നത്തെ ആഭ്യന്തരമന്ത്രി കെ. കരുണാകരൻ രാജിവയ്ക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും ജനകീയ സാംസ്കാരിക വേദിയുടെ ആഭിമുഖ്യത്തിൽ രണ്ടു ജാഥകൾ സംഘടിപ്പിച്ചു. ഒന്ന് തിരുവനന്തപുരത്ത് നിന്നും. മറ്റൊന്ന് കാഞ്ഞങ്ങാട് നിന്നും. അതിൽ തിരുവനന്തപുരത്ത് നിന്ന് ആരംഭിച്ച ജാഥ ഞാനായിരുന്നു നയിച്ചിരുന്നത്. ചെന്നായ്ക്കൾ എന്ന തെരുവുനാടകമായിരുന്നു യാത്രയുടെ മുഖ്യ ആകർഷണം. ഒപ്പം ജനഹിതപരിശോധനയുമുണ്ടായിരുന്നു. കൊല്ലത്തെത്തിയപ്പോൾ ഞങ്ങളെ അറസ്റ്റ് ചെയ്തു. കേസ് കോടതിയിലെത്തിയപ്പോൾ ഞങ്ങളെ വെറുതെ വിട്ടുകൊണ്ട് കൊല്ലം മജിസ്ട്രേറ്റ് പറഞ്ഞത് ഓർക്കുന്നു. എങ്ങനെയാണ് തെരുവിൽ ഒരു നാടകം അവതരിപ്പിക്കുന്നത് കുറ്റകൃത്യമാകുന്നത് ? നീലവും ഉപ്പും ഉപയോഗിച്ച് ഇന്ത്യ മുഴുവൻ തെരുവാക്കി ഗാന്ധി അവതരിപ്പിച്ച തെരുവ് നാടകം അല്ലാതെ മറ്റെന്താണ് സ്വാതന്ത്ര്യ സമരം? തെരുവുനാടകങ്ങൾ.

**ഇപ്പോൾ സാംസ്കാരിക രംഗത്തെ ഗറില്ലാ ആക്ഷനുകൾക്ക് കുറവുണ്ടായി എന്ന് തോന്നുന്നുണ്ടോ?**

ആയിരങ്ങളും പതിനായിരങ്ങളും വേണ്ട ഒരു ജാഥ നയിക്കാൻ വർണ്ണ ശബളമായ ശിവകാശി ചന്തങ്ങളൊന്നും ആവശ്യമില്ല ഒരു പോസ്റ്റർ എഴുതാൻ. പഴയ പത്രക്കടലാസിൽ ബീഡിക്കുറ്റി ചായത്തിൽ മുക്കിയും, ഇലച്ചാറും വിരലും



ഉപയോഗിച്ചുമൊക്കെയായിരുന്നു പോസ്റ്ററുകൾ തയ്യാറാക്കിയിരുന്നത്. അനീതിക്കെതിരെ കലാപം ചെയ്യുന്നത് ന്യായമാണ്, അധികാര കേന്ദ്രങ്ങൾ കടന്നാക്രമിക്കുക എന്നെല്ലാം. നെരൂദയുടേയോ ബ്രെഹ്തിന്റേയോ കവിതകൾ പാടി നാല് പേരുടേയോ പത്ത് പേരുടേയോ പ്രകടനങ്ങൾ അന്ന് നടത്തുമായിരുന്നു. ഇതെല്ലാം സാംസ്കാരിക രംഗത്തെ ഒരുതരം ഗറില്ലാ ആക്ഷനുകളായിരുന്നു. പിന്നീട് ആ കാലം പിൻമാറിയതോടെ എല്ലാം ക്വട്ടേഷൻ കാലത്തിലേക്ക്, സ്പോൺസർ യുഗത്തിലേക്ക് മാറിപ്പോയല്ലോ. യോഗം നടത്തികൊടുക്കപ്പെടും, വിപ്ലവം നടത്തിക്കൊടുക്കപ്പെടും... കുടിയൊഴിക്കപ്പെടുന്നവരോ സ്ത്രീകളോ ദലിതരോ മാത്രമാണിപ്പോൾ പഴയ സ്പിരിറ്റ് മുമ്പോട്ട് കൊണ്ടു പോകുന്നവർ. നിങ്ങൾ ചെറുപ്പക്കാർ വേണം ഇതിനെ ബ്രേക്ക് ചെയ്യാൻ. വ്യവസ്ഥാപിതമാകുന്നേടത്തെല്ലാം ചെറുപ്പക്കാർ വന്ന് ബ്രേക്ക് ചെയ്യുകയാണ് വേണ്ടത്. അങ്ങനെയാണ് ചരിത്രം മുന്നോട്ടു പോകുന്നത്

**ഇപ്പോഴത്തെ സമരങ്ങളിൽ പുതുമയുണ്ടെന്ന് കരുതുന്നുണ്ടോ ?**

ഇപ്പോൾ പെൺകുട്ടികൾ തുരുതുരാ തെരുവിൽ ഇറങ്ങുന്നുണ്ടല്ലോ ദലിതരുമുണ്ട്. ചാനൽ ചർച്ചകളിലും സോഷ്യൽ മീഡിയായിലുമുണ്ടവർ. ലോകത്തെ ഇവരല്ലാതെ മറ്റാര് തിരിച്ചുപിടിക്കാൻ ? ലോകം അവസാനിക്കുകയല്ല, വീണ്ടെടുക്കപ്പെടുകയാണ്. ഇപ്പോൾ കേരളത്തിൽ നടക്കുന്ന എല്ലാ അൽക്കുലുത്തുകളിലും ഒരു പെൺകുട്ടിയുണ്ട്. ചുംബന സമരമാകട്ടെ, രാത്രി പിടിച്ചെടുക്കാനുള്ള സമരങ്ങളാകട്ടെ, അടുക്കള ബഹിഷ്കരിക്കാനുള്ള സമരങ്ങളാകട്ടെ, ശബരിമല കയറാനാവട്ടെ അതിലെല്ലാം ധാരാളം പെൺകുട്ടികളുണ്ട്. അതും മുസ്ലീം പെൺകുട്ടികൾ, ദലിത് പെൺകുട്ടികൾ. മറ്റൊന്ന് അന്ന് ഇരുപത്തിമൂന്നു വയസ്സിലോ ഇരുപത്തിനാല് വയസ്സിലോ ചിന്തിച്ചിരുന്ന കാര്യങ്ങൾ ഇന്ന് പതിമൂന്ന് വയസ്സിലോ പന്ത്രണ്ട് വയസ്സിലോകുട്ടികൾ ചിന്തിക്കുന്നുണ്ട്. യൗവനമാകാൻ കാത്തു നിൽക്കുന്നില്ല കുട്ടികൾ കൗമാരത്തിൽ തന്നെ അവർ റാഡിക്കലാവുന്നു. ഞങ്ങളുടെ കാലത്തെ യുവാക്കളേക്കാൾ മിടുക്കരാണ് പുതിയ കാലത്തെ കൗമാരക്കാർ. അവർക്ക് നല്ല ഭക്ഷണം കിട്ടുന്നുണ്ട്. കൂടുതൽ ഇന്റെലക്ചൽ എക്സ്പോഷുവറിന് വിധേയമാകുന്നുണ്ട്. അവർ ശാരീരികമായി മാത്രമല്ല മാനസികമായും വളരുന്നുണ്ട്. സബാഷ് കുട്ടികളെ.

**ക്യാമ്പസ് രാഷ്ട്രീയത്തെപ്പറ്റി എന്താണ് മാഷിന്റെ അഭിപ്രായം?**

യൗവനം പ്രതിഷേധിക്കാനുള്ളതാണ്.ജീവിതത്തിൽ വേറൊരിക്കൽ നിങ്ങൾക്കൊരു അവസരംകിട്ടണമെന്നില്ല. കുറച്ച് കഴിഞ്ഞാൽ നിങ്ങൾക്ക് ജോലിയായി കുടുംബമായി നിങ്ങൾ വ്യവസ്ഥയുടെ ഭാഗമായി മാറികയായി, വ്യവസ്ഥ തന്നെയാവുകയായി. നിങ്ങൾ എന്തെങ്കിലും ചെയ്യുന്നുണ്ടെങ്കിൽ അത് യൗവനത്തിലായിരിക്കണം. നിങ്ങൾക്കൊന്ന് പ്രേമിക്കണം എന്ന് തോന്നിയാൽ, നിങ്ങൾക്കൊന്ന് പ്രതിഷേധിക്കണം എന്ന് തോന്നിയാൽ ഇതല്ലാതെ മറ്റൊരു അവസരമില്ല. തുമ്മിയാൽ തെറിക്കുന്ന മൂക്കാണെങ്കിൽ തെറിക്കട്ടെന്നേ എന്ന്

ഈ പ്രായത്തിൽ പറയാനാവണം. ആകാശം ഇടിഞ്ഞു വീഴുന്നെങ്കിൽ ഈ മുഷ്ടി കൊണ്ട് ഞങ്ങളത് മുട്ടുകൊടുത്ത് നിർത്തും. പതിനെട്ട് വയസ്സിൽ വോട്ട് ചെയ്യാൻ അവകാശമുണ്ടെങ്കിൽ ജനാധിപത്യത്തിന്റെ ഭാവി നിർണ്ണയിക്കാൻ നിങ്ങൾ അനുവദിക്കപ്പെടുന്നുണ്ടെങ്കിൽ എല്ലായിടത്തും നിങ്ങൾ വോട്ടവകാശമുള്ള മുഴു പൗരന്മാരാണ്. ക്യാമ്പസിൽ ആയതുകൊണ്ട് മാത്രം കൈയ്യും കെട്ടിയിരുന്നു പാഠപുസ്തകം കരണ്ടു തിന്നണമെന്നില്ല. അത്തരത്തിൽ ക്യാമ്പസ് രാഷ്ട്രീയത്തെ ഞാൻ അനുകൂലിക്കുന്നു. എന്നാൽ ക്യാമ്പസിലെ ആവശ്യങ്ങളിൽ നിന്നുമാണ് ക്യാമ്പസ് രാഷ്ട്രീയം രൂപപ്പെടേണ്ടത്. ഓരില ഈരില വിരിയും പോലെ സ്വാഭാവികമായും ജൈവികമായും. അല്ലാതെ ഇറക്കുമതി ചെയ്യുന്ന മുതിർന്നവരുടെ ഗുണ്ടാരാഷ്ട്രീയം ആയിരിക്കരുത്.

ഭാവിയിലെ എം.പിമാരും എം.എൽ.എമാരും ആകാനുള്ള പരിശീലന സ്ഥലമാക്കി ക്യാമ്പസ് രാഷ്ട്രീയത്തെ മാറ്ററുത്.

**കൊല്ലത്തിന്റെ നൊസ്റ്റാൾജിയെ പറ്റി പറയാമോ ?**

യൗവനത്തിലേക്ക് കടക്കുമ്പോൾ ഞങ്ങളുടെ സ്വപ്ന നഗരമാണ് കൊല്ലം. കേരളത്തിന്റെ സംസ്കാരിക തലസ്ഥാനം കൊല്ലമായിരുന്നു. കൊല്ലത്തുനിന്നാണ് ജനയുഗം, ചിത്രകാർത്തിക, മലയാളരാജ്യം, മലയാളനാട് തുടങ്ങിയ വാരികകൾ ഇറങ്ങിയിരുന്നത്. മലയാളത്തിലെ നവ സിനിമകൾ നാടകങ്ങൾ നിർമ്മിക്കപ്പെട്ടത് കൊല്ലത്തുനിന്നാണ്. എസ്.എൻ കോളേജിൽ നിന്നാണ് കെ.പി.എ.സി തന്നെ ഉണ്ടാകുന്നത്. ദേവരാജൻ, ഒ.എൻ.വി, കെ.ജി.എസ് കുരീപ്പുഴ തുടങ്ങിയവരൊക്കെ പഠിച്ചത് എസ്.എനിലാണ് എസ്.എൻ കോളേജിലെ രാഷ്ട്രീയമാണ് കൊല്ലത്ത് ഇടതുപക്ഷത്തിന് പ്രാബല്യം നേടിക്കൊടുത്തത് തന്നെ. പക്ഷേ ഇപ്പോൾ, വെറും നൊസ്റ്റാൾജിയയിൽ ജീവിക്കുന്ന നഗരമാണ് കൊല്ലം. കൊല്ലത്തിന് വലിയ സാധ്യതകളുണ്ട് പഴയ പ്രതാപത്തിലേക്ക്, പഴയ സർഗ്ഗാത്മകതയിലേക്ക്, പഴയ സമരവീര്യത്തിലേക്ക് വീണ്ടും ഉയരാൻ. നിർഭാഗ്യവശാൽ അതിന് വേണ്ടുന്ന ശ്രമങ്ങളൊന്നും കാര്യമായി നടക്കുന്നില്ല. പഴയ പ്രതാപം വീണ്ടെടുക്കാൻ കൊല്ലത്തിനൊരു ജന്മവശ്യമുണ്ട്. പക്ഷേ ആര് നേതൃത്വം നല്കും ?

**സമകാലിക സമരങ്ങളുടെ ഭാവഗതിയെ എങ്ങനെ നോക്കിക്കാണുന്നു ?**

കുറച്ച് മുമ്പ് വരെ നമുക്കുണ്ടായിരുന്നത് സ്ഥൂല രാഷ്ട്രീയമാണ്. പുതിയ സമരങ്ങൾ അങ്ങനെയല്ല. അവയെല്ലാം സൂക്ഷ്മ സമരങ്ങളാണ് ഒരോയിടത്തും സൂക്ഷ്മ രാഷ്ട്രീയം രൂപപ്പെട്ടു വരികയാണ്. സ്ത്രീകൾ അവരുടെ പ്രശ്നങ്ങൾ ഉന്നയിച്ച്, ആദിവാസികൾ അവരുടെ പ്രശ്നങ്ങൾ ഉന്നയിച്ച്, മാലിന്യത്തിന്റെ ഇരകൾ അവരുടെ പ്രശ്നവുമായി, പാരിസ്ഥിതിക അഭയാർത്ഥികൾ അവരുടെ പ്രശ്നങ്ങളുമായി... ഇവരെല്ലാം സ്വന്തം നിലയ്ക്ക് അവകാശങ്ങൾ ഉന്നയിക്കുന്ന ഒരു സമരഭരിതമായ



കാൽനൂറ്റാണ്ടാണ് പിന്നിട്ടത്.

സമരങ്ങളുടെ ഭൂമിശാസ്ത്രവും, മന:ശാസ്ത്രവും മാറിയിരിക്കുന്നു. കേരളത്തിൽ കഴിഞ്ഞ ഇരുപത് ഇരുപത്തഞ്ച് വർഷങ്ങൾക്കിടയിൽ നടന്നിട്ടുള്ള ഒരു വ്യവസ്ഥാപിത സമരവും ഭരണവും, കേരളത്തിന്റെ അടിസ്ഥാന പ്രശ്നങ്ങളെ അഡ്രസ്സ് ചെയ്തിട്ടില്ല. അതുകൊണ്ടാണ് ദളിതർ, ആദിവാസികൾ, സ്ത്രീകൾ പറയുന്നത് ഞങ്ങളിപ്പോഴും അടിമകളാണെന്ന് നിങ്ങളുടെ നവോത്ഥാനവും വിപ്ലവവുമൊന്നും ഞങ്ങളെ തൊട്ടില്ലെന്ന്. അമ്പതുകളിലും എഴുപതുകളിലും അഭിസംബോധന ചെയ്യാനാവാതെ പോയ സ്വത്വങ്ങൾ സമരസന്നദ്ധരായി അരങ്ങത്തും തെരുവിലുമിറങ്ങിക്കഴിഞ്ഞു അവരുമായൊരു സംഭാഷണത്തിന് സന്നദ്ധമാകാതെ വ്യവസ്ഥക്ക് മുന്നോട്ടു പോകാനാവില്ല. ഹാ, അമ്പതുകൾ, എഴുപതുകൾ എന്ന് ചരിത്രം സല്യൂട്ട് ചെയ്തതുപോലൊരു പുതിയ ലോകമാണിത്.. നമുക്ക് ശുഭാപ്തി വിശ്വാസികളാവാം.






പൊള്ളയായ പ്രബുദ്ധ മൂല്യങ്ങളെ നിഷ്കാസനം ചെയ്തുകൊണ്ട് മനുഷ്യന്റെ തിരിച്ചുപോക്കിനെ അടയാളപ്പെടുത്തുന്നു ചിത്രം. തങ്ങൾ മൃഗങ്ങളെ പോലെയല്ല എന്ന് ഉറപ്പ് വരുത്താനായി മനുഷ്യർ തന്നെ ഉണ്ടാക്കിയെടുത്ത , ഒരു വാക്കായി മാത്രമേ മനുഷ്യത്വത്തെ കാണാൻ സാധിക്കൂ. മറ്റേത് മൃഗത്തേയും പോലെ സ്നേഹിക്കാനും ആക്രമിക്കാനും ഒരുപോലെ കഴിയുന്ന ഒരു പ്രത്യേക ഇനത്തിൽപ്പെടുന്നതാണ് മനുഷ്യനും. രാഷ്ട്രീയ ശരികളുടെയും ആശയങ്ങളുടെയും വിശ്വാസങ്ങളുടെയും അലങ്കാരം മേൽ പറഞ്ഞ ചിന്തയ്ക്ക് വിപരീതമായി തോന്നിപ്പിക്കുന്നു എന്ന് മാത്രം.

സ്ത്രീവിരുദ്ധതയും കപട സദാചാരത്തിന്റെ നോട്ടങ്ങളും ശരീരത്തിനുള്ളിലെ മലത്തേക്കാൾ ദുർഗന്ധം വമിക്കുന്ന ഒന്നാണ് . ഇതിനെ അനാവരണം ചെയ്യുകയാണ് 'ജല്ലിക്കെട്ട് . മനുഷ്യ വന്യതയ്ക്കപ്പുറം, മനുഷ്യനെ തന്നെ തുറന്നുവയ്ക്കുകയാണ് ഈ സിനിമ. സ്ത്രീവിരുദ്ധതയും അത്യാർത്തിയും അസൂയയും മേൽക്കോയ്മയും സ്വാർത്ഥതയും ആൾക്കൂട്ടഭീകരതയുമെല്ലാം സിനിമയിൽ ചർച്ചയാവുന്നുണ്ട്. സമകാലീന ജീവിതത്തിലും രാഷ്ട്രീയത്തിലും ആൾക്കൂട്ട ഇടപെടലുകൾ ഉയർന്നു വരികയാണ്.

പോത്തിറച്ചി കയ്യിൽ വെച്ചതിന്റെ പേരിൽ , പ്രണയദിനത്തിൽ കൈകൾ കോർത്തുപിടിച്ചതിന്റെ പേരിൽ , സത്യം പറയാൻ നാവുയർത്തിയതിന്റെ പേരിലൊക്കെ നടന്നത് ആൾക്കൂട്ടത്തിന്റെ അഴിഞ്ഞാട്ടമാണ്. ഈ സിനിമയിൽ ചിത്രീകരിച്ചിരിക്കുന്നത് പോലെ ആൾക്കൂട്ടമെന്നത് എപ്പോഴും ചോരക്കായി കൊതിക്കുന്ന അപകടകരമായ ഒരു കൂട്ടമാണ് എന്ന് പറയേണ്ടിവരും.

മനഃശാസ്ത്രപരമായി നോക്കിയാൽ പോലും ആൾക്കൂട്ടത്തിൽ നിൽക്കുന്ന ഒരു മനുഷ്യന്റെ ചിന്തയുടെ വ്യാപ്തിയും സഹിഷ്ണുതയും ഏകനായ് നിൽക്കുന്ന മനുഷ്യനേക്കാൾ വളരെ വളരെ കുറവാണ്. ഇന്ത്യയെ രണ്ടായി മുറിച്ച ബാബരി മസ്ജിദ് തകർച്ചയിലും ഈ ആൾക്കൂട്ട ഭീകരത കാണാൻ കഴിയും. അങ്ങനെ ചരിത്രത്തിൽ മനുഷ്യൻ ഉടലെടുത്ത കാലം മുതൽക്കേ പിന്തുടർന്ന് വരുന്ന ഭീകരതയ്ക്ക് ഈ കാലത്തും ഒരു മാറ്റവുമില്ല. മറിച്ച് ഇന്നത്, സമൂഹമാധ്യമങ്ങളിലൂടയും നടത്താമെന്ന് മനുഷ്യർ തെളിയിച്ചിരിക്കുന്നു. ഇരക്കായി തേടിനടക്കുന്ന ഒരു വർഗ്ഗമാണ് മനുഷ്യനും, അതിനായി എന്തും ചെയ്യാൻ മടിക്കാത്ത, ആരെയും ചതിക്കുന്ന അവരിലേക്ക് മാത്രം ലോകത്തെ ഒതുക്കുന്ന ഒരു കൂട്ടം. കാട് കയറിയ ചിന്തകൾ മനുഷ്യരിൽ വേർതിരിവിന്റെ മുറിപ്പാടുകളാണ് സൃഷ്ടിക്കുന്നത്.

ചിത്രത്തിൽ സൂചനാത്മകമായി ഇവയെല്ലാം സ്ഥാപിച്ചെടുക്കുന്നുണ്ട് സംവിധായകനായ ലിജോ ജോസ് പല്ലിശ്ശേരി. ശബ്ദ മികവുകൊണ്ട് ആവിഷ്കരിച്ച മനുഷ്യ ചലനങ്ങളുടെ കൂടിച്ചേരലുകൾ ഒരു മടിയും കൂടാതെ ചിത്രം കാണാൻ ഉൾപ്രേരണ നൽകുന്നുണ്ട്. ജീവിതത്തെ സാധൂകരിക്കുന്ന , റാഷണലിസ്റ്റ് ചിന്തകളെ ഉദ്ദീപിപ്പിക്കുന്ന ചിത്രങ്ങൾ മലയാള സിനിമാ മേഖലകയിൽ തന്നെ അപൂർവ്വവും അപൂർണ്ണവുമാണ്. പൊളിറ്റിക്കൽ വിശകലനങ്ങളെ തന്മയത്വത്തോടെ ആവിഷ്കരിക്കാൻ പാടുപെടുന്നവർക്കിടയിലെ വിഹ്വലതകളെ ചിത്രം തുറന്നു കാട്ടുന്നു. ഒരു പൊളിറ്റിക്കൽ സിനിമയെടുക്കാൻ എളുപ്പമാണ് , സിനിമ പൊളിറ്റിക്കലി എടുക്കാനാണ് പ്രയാസം.



NETFLIX

വീട്ടിലിരുന്നപ്പോൾ വിരുന്നൊരുക്കിയത്
ലോകോത്തര കഥാപാത്രങ്ങളായിരുന്നു

prime video



പിടിക്കപ്പെട്ടവർ മാവോയിസ്റ്റുകൾ എന്ന് പറയപ്പെടുന്നവരാണ്. കൈയാമം വെക്കപ്പെട്ടവരാണ്. അർജുൻ മഹാതോ എന്ന മാവോയിസ്റ്റിന്റെ പെണ്ണാണ് കിച്ന. ആദ്യം അവളുടെ കൈയാമം പോലീസുകാർ അഴിച്ചു. വെടിപൊട്ടി. എന്തിനായിരുന്നു കിച്ന മരിച്ചത് ? മുന്നിൽ നടക്കുന്ന ധരംസിങ് അതിന് ഉത്തരം പറഞ്ഞു: ''അവൾക്ക് മഹതോവിനോടായിരുന്നു ഇഷ്ടം.'' പിന്നെ സഹേൽ. അയാളുടെയും കൈയാമം കുറച്ചുകഴിയുമ്പോൾ അഴിക്കുന്ന ശബ്ദം കേട്ടു. വെടിപൊട്ടി. എന്തിനായിരുന്നു സഹേൽ കൊല്ലപ്പെട്ടത്? ധരം സിംഗ് ഒപ്പമുള്ള ബ്രൂണോ എന്ന പട്ടിയോട് പറഞ്ഞു: ''സഹേൽ പോയി. അവന്റെ വിചാരം അവനാണ് ഏറ്റവും വലിയ സുന്ദരൻ എന്നാണ്.'' അടുത്തത് നക്കിയുടെ ഊഴമായിരുന്നു. ധരംസിങ് ബ്രൂണോയോട് പറഞ്ഞു: ''അവൻ പോയി. അവനാണ് ഏറ്റവും മിടുക്കൻ എന്നാണ് വിചാരം.'' പിന്നെയും കൈയാമം തുറക്കുന്ന ശബ്ദം.വെടിപൊട്ടി. മരിക്കുന്നതിനുമുമ്പ് അർജുൻ മഹാതോ വിളിച്ചു പറഞ്ഞു: ''വിപ്ലവം ജയിക്കട്ടെ.'' ധരംസിങ് പട്ടിയോട് വിശദീകരിച്ചു: ' തന്നെ വെല്ലാൻ ആരുമില്ല എന്നായിരുന്നു അർജുന്റെ വിചാരം. അതാണ് ഈ മരണത്തിന്റെ കാരണം.'' അപ്പോൾ ഭീംറെഡ്ഡി ധരംസിങ്ങിനോട് ചോദിച്ചു: ''ഞാൻ എന്തിന് മരിക്കണം ധരംസിങ്ജി ?'' ഉത്തരം: ''നിനക്ക് കിച്നയോട് അഗാധമായ പ്രേമമായിരുന്നു.'' പോലീസുകാർ ധരംസിങ്ങിനോട് പറഞ്ഞു: 'സർദാർജി നിങ്ങൾക്ക് പോകാം' ഒരു തോക്ക് തനിക്കുനേരേ ചൂണ്ടുന്നത് ധരംസിങ് കണ്ടു.

- എൻ എസ് മാധവൻ കിച്ന-ഒരു റോഡ് കഥ
( പുസ്തകം- പഞ്ചകന്യകകൾ)

PANCHAKANYAKAKAL (Malayalam) by N S MADHAVAN (Author)
**Paperback from ₹ 110.00**
Publisher : DC Books; 2nd edition (1 January 2015); DC Books ,
Language: : Malayalam , Paperback : 134 pages, ISBN-10 : 812645251X
ISBN-13 : 978-8126452514, Item Weight : 100 g
Dimensions : 23.4 x 15.6 x 1.9 cm

# ATAL Ranking with 'A BAND'

Sree Narayana College, Kollam is one of the Pioneer in South Kerala in the field of Higher Education. The college has secured many awards and recognitions till date. One among the renowned awards secured recently is ATAL Ranking with 'A BAND'. This is one of the nationally most accredited awards instituted by the Union Government under Ministry of Human Resources and Development. Sree Narayana College, Kollam, is the sole college in Kerala which has secured this auspicious award. This prestigious award adorns with a Golden Feather to the Crown of the College. A total of 25 colleges have been awarded this meritorious award nationally. We achieved this award with the coordinated and joint effort of staff members and students of all departments, and all other supporting staff of the college.

The various criteria, the ATAL ranking team assessed were, sophisticated lab facilities of all the Science Departments of the College, P G Diploma in Biomedical Science conducted by the Department of Zoology, Certificate Courses of various departments, the Projects funded by various agencies, National and International seminars conducted by various departments and attended by the faculty members and the research scholars of the college on Innovation IPR and Entrepreneurship.

The extra-curricular activities other than academic criteria assessed were the money earning programme such as agricultural produces like Paddy farming, Vegetable cultivation, Floriculture, etc. also impressed the assessment team.

Atal Ranking Coordinator
**Dr. B.T. Sulekha**, Assistant Professor,
Department of Zoology

MIC

MHRD

ATAL RANKING OF INSTITUTIONS
ON INNOVATION ACHIEVEMENTS

# Certificate of Appreciation

This is to certify that

**Sree Narayana College, Kollam**

is categorized as 'Band A' institution (rank between 06-25) in category of **'Institutes & Colleges (Govt. and Govt. aided)'** in Atal Ranking of Institutions on Innovation Achievement (ARIIA) 2020 announced on 18th Aug 2020.

| Dr. Anil D Sahasrabudhe | Sh. Amit Khare | Dr. Abhay Jere |
|---|---|---|
| Chairman, AICTE | Secretary (HE), MHRD | Chief Innovation Officer<br>MHRD's Innovation Cell |

# കോളേജ് യൂണിയൻ റിപ്പോർട്ട്

# 2019
# 2020



## അനിത് മോഹൻ മെമ്മോറിയൽ ഇന്റർ ഡിപ്പാർട്ട്മെന്റ് ഫുട്ബോൾ ടൂർണമെന്റ്





2018-19 അധ്യായനവർഷം അകാലത്തിൽ പൊലിഞ്ഞുപോയ പ്രിയ കൂട്ടുകാരൻ **അനിത് മോഹന്റെ** ഓർമ്മ ദിവസം കോളേജ് യൂണിയന്റെയും ഫിസിക്കൽ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റിന്റെയും സംയുക്താഭിമുഖ്യത്തിൽ ഫുട്ബോൾ ടൂർണമെന്റ് സംഘടിപ്പിച്ചു. ടൂർണമെന്റിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ സംസ്കൃതം ഡിപ്പാർട്ട്മെന്റിന് കോളേജ് പ്രിൻസിപ്പൽ ട്രോഫി കൈമാറി. അനിത് മോഹന്റെ രക്ഷിതാക്കൾ സമ്മാനദാനച്ചടങ്ങിൽ പങ്കെടുത്തു.

## എ അയ്യപ്പൻ അനുസ്മരണവും കവിതാരചന മത്സരവും





സുതാര്യ ജീവിതം നയിച്ച് ജീവിതത്തെ ഒറ്റയ്ക്ക് ആഘോഷമാക്കിയ കവിയായിരുന്നു എ.അയ്യപ്പൻ. അദ്ദേഹത്തിന്റെ ഓർമ്മ ദിവസം 25-10-2019 ന് കോളേജ് യൂണിയന്റെ ആഭിമുഖ്യത്തിൽ എ.അയ്യപ്പൻ അനുസ്മരണവും കവിതാ രചന മത്സരവും സംഘടിപ്പിച്ചു. രാവിലെ 10 മണി മുതൽ ആരംഭിച്ച അനുസ്മരണ യോഗത്തിന്റെ ഉദ്ഘാടനം കൊല്ലത്തിന്റെ പ്രിയകവി ശ്രീ ഗണപൂജാരി നിർവ്വഹിച്ചു. പ്രിൻസിപ്പൽ ഡോക്ടർ ആർ. സുനിൽകുമാർ, സജികുമാർ എന്നിവർ മുഖ്യപ്രഭാഷണം നടത്തി. *ഉച്ചയ്ക്ക് ഒരു മണി മുതൽ നടന്ന കവിതാ രചന മത്സരത്തിൽ അഞ്ജലി (ഹിസ്റ്ററി), ആർച്ച (ബോട്ടണി), വിഷ്ണു.എസ് അരുൺ (ഫിലോസഫി) എന്നിവർ ഒന്ന് രണ്ട് മൂന്ന് സ്ഥാനങ്ങൾ യഥാക്രമം കരസ്ഥമാക്കി.*

## കേരളപ്പിറവി ദിനാഘോഷവും കോർപ്പറേഷൻ മാലിന്യ സംസ്കരണവും

കേരളത്തിന്റെ ചരിത്രം, മാലിന്യവും മാറുന്ന സംസ്കാരവും തുടങ്ങിയ വിഷയങ്ങളിൽ കോളേജ് യൂണിയന്റെ ആഭിമുഖ്യത്തിൽ ഒക്ടോബർ 31 ന് ക്ലാസ് ക്യാമ്പയിനുകൾ സംഘടിപ്പിച്ചു. നവംബർ ഒന്നിന് വിദ്യാർത്ഥികളുടെ പങ്കാളിത്തത്തോടെ കോർപ്പറേഷൻ വൃത്തിയാക്കുകയും ചെയ്തു.

## കോളേജ് യൂണിയൻ ഉദ്ഘാടനം & ആർട്സ് ക്ലബ് ഉദ്ഘാടനം

കോളേജ് യൂണിയൻ ഉദ്ഘാടനം 12-11-2019 ന് കോളേജ് ഓപ്പൺ എയർ ആഡിറ്റോറിയത്തിൽ വച്ച് ബഹുമാന്യനായ അഡ്വ. സോമപ്രസാദ് എം.പി നിർവ്വഹിച്ചു.

എസ്.എൻ കോളേജിലെ എസ്.എഫ്.ഐ പ്രവർത്തനങ്ങളിലൂടെയാണ് താനും രാഷ്ട്രീയത്തിലേക്ക് കാൽവയ്പ്പ് നടത്തിയതെന്നും. ക്ലാസ്മുറികളിൽ നിന്നാണ് സംഘടനാ രാഷ്ട്രീയം തുടങ്ങേണ്ടത്, രാഷ്ട്രീയബോധമുള്ള വിദ്യാർത്ഥികളാണ് കെട്ടുറപ്പുള്ള സമൂഹനിർമ്മിതിക്കുതകുന്നതെന്നും ഉദ്ഘാടനപ്രസംഗത്തിൽ അദ്ദേഹം കൂട്ടിച്ചേർത്തു. രാവിലെ 10 മണി മുതൽ ആരംഭിച്ച ഉദ്ഘാടന ചടങ്ങിന് കോളേജ് യൂണിയൻ ചെയർമാൻ വിഷ്ണു അധ്യക്ഷത വഹിച്ചു കോളേജ് പ്രിൻസിപ്പാൾ ഡോ: സുനിൽകുമാർ സ്വാഗതമാശംസിച്ചു.

ആർട്സ് ക്ലബ് ഉദ്ഘാടനം യുവനടൻ ശരത് അപ്പാനി നിർവഹിച്ചു. കലയുടെ ആലയമാണ് കലാലയം, നിരവധി പ്രതിഭകൾക്ക് ജന്മം നൽകിയ ഈ കലാലയത്തിൽ വരും കാലങ്ങളിലും പ്രതിഭകൾ ഉണ്ടാകട്ടെയെന്ന് അദ്ദേഹം ആശംസിച്ചു. ഉച്ചയ്ക്ക് ഒരു മണി വരെ നീണ്ടു നിന്ന ചടങ്ങിൽ ബഹുമാന്യനായ കൊല്ലം മേയർ അഡ്വ. രാജേന്ദ്രപ്രസാദ് അനുഗ്രഹപ്രഭാഷണം നടത്തി. കോളേജ് യൂണിയൻ അഡ്വൈസർ ഷാജി, ആർട്സ് ക്ലബ് അഡ്വൈസർമാരായ, ധിദില ദേവദത്തൻ, സൗമ്യ. ആർ. വി, ആർട്സ് ക്ലബ് സെക്രട്ടറി ശംഭു പാർഥസാരഥി എന്നിവർ ചടങ്ങിന് ആശംസകൾ നേർന്നു. കോളേജ് യൂണിയൻ ജനറൽ സെക്രട്ടറി ആവണി വി. റോയി നന്ദി രേഖപ്പെടുത്തി. ഉച്ചയ്ക്ക് രണ്ട് മണി മുതൽ കരി ഫോക് ബാന്റിന്റെ നാടൻപാട്ട് ഓപ്പൺ എയർ അഡിറ്റോറിയത്തിൽ നടന്നു.

## വിമുക്തി ഫ്ളാഷ് മോബ്

വർദ്ധിച്ചു വരുന്ന ലഹരി ഉപയോഗത്തിന്റെ തോത് കുറയ്ക്കാൻ കേരള സർക്കാർ ആവിഷ്കരിച്ച 'വിമുക്തി' യുടെ ഭാഗമായ ഫ്ളാഷ് മോബ് കോളേജ് യൂണിയന്റെ നേതൃത്വത്തിൽ കോളേജിൽ നടന്നു.

## ദേശീയോദ്ഗ്രഥന വാരാഘോഷം





'നാനാത്വത്തിൽ ഏകത്വം' എന്ന വാചകത്തിന്റെ ആനുകാലിക പ്രസക്തിയെ കുറിച്ച് ചർച്ച നടത്താൻ വേണ്ടി കോളേജ് യൂണിയന്റെയും മലയാളം വിഭാഗത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ **കവിയും കവിതയും** എന്ന പേരിൽ 21-11-2019 ന് ദേശീയോദ്ഗ്രഥന വാരാഘോഷത്തിന് തുടക്കമിട്ടു. കോളേജ് യൂണിയൻ ചെയർമാൻ വിഷ്ണു അധ്യക്ഷത വഹിച്ച ചടങ്ങ് മലയാളത്തിന്റെ പ്രിയ കവി ശ്രീ കുരീപ്പുഴ ശ്രീകുമാർ ഉദ്ഘാടനം ചെയ്തു. കോളേജ് പ്രിൻസിപ്പൽ ഡോ. ആർ സുനിൽകുമാർ ചടങ്ങിന് സ്വാഗതമാശംസിച്ചു. മലയാളം വിഭാഗം അധ്യാപകൻ അധീശ്. യു, കോളേജ് യൂണിയൻ ജനറൽ സെക്രട്ടറി ആവണി.വി റോയ് എന്നിവർ ആശംസകൾ നേർന്നു. കോളേജ് യൂണിയൻ വൈസ് ചെയർപേഴ്സൺ മുബീന നന്ദി പറഞ്ഞു.

## മ്യൂസിക് ക്ലബ് ഉദ്ഘാടനം

മികവുറ്റവരെ കണ്ടെത്തുന്നതിനും സംഗീതത്തിന്റെ മാസ്മരിക ലോകത്തേക്ക് വിദ്യാർത്ഥികളെ കൂട്ടികൊണ്ട് പോകുന്നതിനുമുള്ള ചുവടുവെയ്പ്പായി കൊല്ലം ശ്രീനാരായണ കോളേജ് യൂണിയൻ 2019-20 ന്റെ മ്യൂസിക് ക്ലബ് ഉദ്ഘാടനം 25-11-2019 ന് ജി.2 സെമിനാർ ഹാളിൽ വെച്ച് നടന്നു.



## ഫുഡ് ഫെസ്റ്റ്

കോളേജ് യൂണിയന്റെയും നാഷണൽ സർവീസ് സ്കീമിന്റെയും സംയുക്താഭിമുഖ്യത്തിൽ 13-12-2019 ന് ഫുഡ് ഫെസ്റ്റ് സംഘടിപ്പിച്ചു. നാടൻ വിഭവങ്ങളുടെ രുചിഭേദങ്ങൾ ഫെസ്റ്റിന്റെ അലങ്കാരങ്ങളിൽ ഒന്നായിരുന്നു. ലൈവ് കിച്ചൻ കോർണറുകളുടെ പ്രവർത്തനങ്ങൾ വ്യത്യസ്തമായ അനുഭവങ്ങൾ വിദ്യാർത്ഥികൾക്ക് നൽകി. എല്ലാ വിഭാഗവും ഫുഡ് ഫെസ്റ്റിൽ ഭാഗമായപ്പോൾ ബികോം വിഭാഗം ഒന്നാം സ്ഥാനം കരസ്ഥമാക്കി, ഫിസിക്സ്, ഹിസ്റ്ററി വിഭാഗങ്ങൾ രണ്ട് മൂന്ന് സ്ഥാനങ്ങൾ യഥാക്രമം കരസ്ഥമാക്കി.

## പൗരത്വ ഭേദഗതി ബില്ലിനെതിരെ പ്രതിഷേധം

രാജ്യത്തെ മതേതരത്വത്തിനേയും ന്യൂനപക്ഷങ്ങളെയും വക്രീകരിക്കുന്ന പൗരത്വ ഭേദഗതി ബില്ലിനെതിരെ രാജ്യത്താകമാനമുള്ള വിദ്യാർത്ഥികൾ പ്രതിഷേധം രേഖപ്പെടുത്തിയപ്പോൾ, കൊല്ലം ശ്രീനാരായണ കോളേജ് യൂണിയൻ 2019-20 ന്റെ നേതൃത്വത്തിൽ 18-12-2019 വിദ്യാർത്ഥികളെ അണിനിരത്തി പ്രതിഷേധ പരിപാടികൾ സംഘടിപ്പിച്ചു.

## ക്രിസ്തുമസ് സെലിബ്രേഷൻ

കോളേജ് യൂണിയന്റെ നേതൃത്വത്തിൽ 19-12-2019 ന് ക്രിസ്തുമസ് സെലിബ്രേഷൻ സംഘടിപ്പിച്ചു. പുൽക്കൂട് നിർമ്മാണ മത്സരം, സാന്താ ക്ലോസ് മത്സരം തുടങ്ങിയവ നടന്നു.

## ചായില്യം

ഹിംസാത്മകതയിലൂടെ കലയെ സെൻസർ ചെയ്യുന്ന സമകാലിക ഇന്ത്യൻചുറ്റുപാടിൽ പ്രതിരോധത്തിന്റെ മുഖത്തെഴുത്തായി കോളേജ് യൂണിയന്റെ ചായില്യം ആർട്സ് 2020 നടന്നു. ജനുവരി 13 ന് കലാസാംസ്കാരിക ഘോഷയാത്രയോടെ ആർട്സിന് തുടക്കം കുറിച്ചു. ജനുവരി 14,15,16,17 ദിവസങ്ങളിൽ വിദ്യാർത്ഥികൾ തങ്ങളുടെ പ്രതിഷേധം വിവിധ കാലാരൂപങ്ങളായി വേദികളിൽ അവതരിപ്പിച്ചു. ജനുവരി 14 ന് രചനാമത്സരങ്ങൾ, 15 ന് സംഗീത മത്സരങ്ങൾ, 16 ന് നൃത്തമത്സരങ്ങൾ, 17 ന് സമാപന സമ്മേളനവും സമ്മാനദാനവും നടന്നു. കഥകളും, കവിതകളും, ചിത്രങ്ങളും നാടകങ്ങളുമൊക്കെയായി മുൻ നിശ്ചയിച്ച വേദികളിലായി ഓരോ മത്സരയിനങ്ങളും അരങ്ങേറി. ഐഷാ ഘോഷ്, മലാല യൂസുഫ് സായി, ഗ്രേറ്റാ തുൻബർഗ്, നാദിയ മുറാദ്, ലക്ഷ്മി അഗർവാൾ, ഗവിൻ ഗ്രീം, യാര ഷഹിദി എന്നിങ്ങനെ നീതിയുക്ത സമരങ്ങൾ നയിച്ച് ലോകശ്രദ്ധ നേടിയ വ്യക്തിത്വങ്ങളുടെ പേരുകൾ ഓരോ വേദികൾക്കും നൽകി ആദരവറിയിച്ചു.

ഡിപ്പാർട്ട്മെന്റ് അടിസ്ഥാനത്തിൽ പ്രതിഭാധനരായ വിദ്യാർത്ഥികൾ ഓരോ മത്സരയിനങ്ങളിലും പങ്കെടുത്തു. ജനുവരി 17 ന് ഉച്ചയ്ക്ക് രണ്ട് മണി മുതൽ "ACTIVE RADIO" മ്യൂസിക് ബ്യാന്റിന്റെ മ്യൂസിക് പ്രാഗ്രാം ഓപ്പണെയർ ആഡിറ്റോറിയത്തിൽ നടന്നു. ശേഷം ഓവറോൾ പോയിന്റിന്റെ അടിസ്ഥാനത്തിൽ വിജയിച്ച ഡിപ്പാർട്ട്മെന്റുകൾക്ക് സമ്മാനദാനച്ചടങ്ങ് നടന്നു. കൊമേഴ്സ്, എക്കണോമിക്സ്, ജേർണലിസം എന്നീ ഡിപ്പാർട്ട്മെന്റുകൾ ഒന്ന് രണ്ട് മൂന്ന് എന്നീ സ്ഥാനങ്ങൾ യഥാക്രമം കരസ്ഥമാക്കി.

## സി.എ.എ യ്ക്കെതിരെ പ്രമേയം പാസാക്കി

രാജ്യത്തെ മതനിരപേക്ഷതയെ തകർക്കുന്ന CAA (Citizenship Ammendment Act) യ്ക്കെതിരെ കോളേജ് പ്രിൻസിപ്പൽ ഡോ. ആർ സുനിൽകുമാർ, ഇക്കണോമിക് വിഭാഗം മേധാവി ഡോ.ജയശ്രീ, സ്റ്റാഫ് സെക്രട്ടറി അപർണ്ണ, തുടങ്ങിയവരുടെ സാന്നിധ്യത്തിൽ 23-01-2020 ൽ ചേർന്ന കോളേജ് യൂണിയൻ ഭാരവാഹികളുടെ ജനറൽ കൗൺസിൽ യോഗം ഐക്യകണ്ഠേന പ്രമേയം പാസാക്കി.

## ക്വിസ് ക്ലബ് ഉദ്ഘാടനവും ക്വിസ് മത്സരവും

കോളേജ് യൂണിയന്റെ നേതൃത്വത്തിൽ 27-01-2020 ക്വിസ് ക്ലബ് രൂപീകരണവും ക്വിസ് മത്സരവും സംഘടിപ്പിച്ചു. കോളേജ് പ്രിൻസിപ്പൽ ഡോ. ആർ സുനിൽകുമാർ ക്വിസ് ക്ലബിന്റെ ഉദ്ഘാടനം നിർവഹിച്ചു.

## ശ്രീകുമാർ മെമ്മോറിയൽ ഫുട്ബോൾ ടൂർണമെന്റ്





വർഗ്ഗീയ സംഘടനയുടെ ആയുധധാരികളായ അക്രമികൾ കോളേജ് വിദ്യാർത്ഥിയായ ശ്രീകുമാറിനെ 1982 ജനുവരി 4 ന് കോളേജിൽവച്ച് ദാരുണമായി കൊലപ്പെടുത്തി. ശ്രീകുമാറിന്റെ ഓർമ്മയ്ക്കായി കോളേജ് യൂണിയന്റെ നേതൃത്വത്തിൽ ഫെബ്രുവരി 3 മുതൽ 7 വരെ ഫുഡ്ബോൾ ടൂർണമെന്റ് സംഘടിപ്പിച്ചു. ഡിപ്പാർട്ട്മെന്റ് അടിസ്ഥാനത്തിൽ സംഘടിപ്പിച്ച ടൂർണമെന്റിൽ സംസ്കൃതം ഡിപ്പാർട്ട്മെന്റ് ഒന്നാം സ്ഥാനവും ഫിലോസഫി ഡിപ്പാർട്ട്മെന്റ് രണ്ടാം സ്ഥാനവും കരസ്ഥമാക്കി.

## ഗുൽമോഹർ

കോളേജ് യൂണിയന്റെ നേതൃത്വത്തിൽ 2020 ഫെബ്രുവരി 14 ന് ഗുൽമോഹർ എന്ന പേരിൽ പ്രണയദിനം ആഘോഷിച്ചു. പ്രണയത്തെ മനോഹരമാക്കുന്ന കലാലയ മുഹൂർത്തങ്ങളെ അനുസ്മരിപ്പിച്ചു കൊണ്ട് പ്രേമലേഖന മത്സരം, പ്രണയ ചിത്രങ്ങളുടെ പുനരാവിഷ്കരണം, സ്പോട്ട് ഫോട്ടോഗ്രാഫി, സ്പോട്ട് ഡാൻസ് തുടങ്ങിയ പരിപാടികൾ സംഘടിപ്പിച്ചു.

**ഒ.എൻ.വി. അനുസ്മരണം**



ജ്ഞാനപീഠ ജേതാവും എസ്.എൻ കോളേജ് പൂർവ്വ വിദ്യാർത്ഥിയുമായിരുന്ന മലയാളത്തിന്റെ പ്രിയ കവി ഒ.എൻ.വി കുറുപ്പിന്റെ ഓർമ്മയ്ക്കായി 17-02-2020 ന് കോളേജ് യൂണിയന്റെ നേതൃത്വത്തിൽ അനുസ്മരണ യോഗവും ഗാനാർച്ചനയും സംഘടിപ്പിച്ചു. അനുസ്മരണ യോഗം കോളേജ് പ്രിൻസിപ്പൽ ഡോ. ആർ. സുനിൽകുമാർ ഉദ്ഘാടനം ചെയ്തു. കോളേജ് മ്യൂസിക്ക് ക്ലബിന്റെ നേതൃത്വത്തിൽ ഒ.എൻ.വി കുറുപ്പിന്റെ അനശ്വരമായ നാടകചലച്ചിത്ര ഗാനങ്ങൾ ആലപിച്ച് ഗാനാർച്ചന നടത്തി.

**മാസ്സ് ക്ലീനിംഗ്**

കോളേജ് യൂണിയന്റെ നേതൃത്വത്തിൽ വിദ്യാർത്ഥികളെ സംയോജിപ്പിച്ച് 20-02-2020 ന് കോളേജ് പരിസര പ്രദേശങ്ങൾ വൃത്തിയാക്കി.



രാസ-രാഷ്ട്രീയം
രാപ്പകലുകൾ
നട്ടെല്ല് മൂർച്ഛിച്ച കൊടി കീഴ്
പിന്നെയെന്റെ പ്രാണനും.
ഒക്കേതിനും നന്ദി..!

**ശരത് കൃഷ്ണ**

പടിയിറങ്ങി നാം
പല ദിശയിലേക്ക്
പകരമാകില്ല ഇവിടുത്തെ
വെയിലും ഇരുട്ടും

**ജോഷി റിച്ചാർഡ്**

SREE NARAYANA COLLEGE KOLLAM

Activities

# 2019-2020 Academic Year

1. "Clean Hands & Happy life" distributed Hand sanitizers to Govt Victoria Hospital, Kollam & public in addition to staff and students of the college, that prepared by Department of Chemistry & Physics in the wake of Covid-19 Pandemic situation (13.03.2020)

2. One day seminar on "Kaamayani ek punar padh", under the auspices of AGORA 2020 multidisciplinary Annual Seminar series, organized by Department of Hindi (06.03.2020)

3. One day seminar on "Nuclear energy: the need perception and reality", organized by Energy conservation club (05.03.2020)

4. One day seminar on "Paradigms of social science research", under the auspices of AGORA 2020 multidisciplinary Annual Seminar series, organized by Department of Politics (05.03.2020)

5. Won 1st place in Quiz competition 'ASPIRE 2020', organized by St. Peters College, Kollenchery (Prince, BA Economics & Govardhan, BA Politics)

6. Women's' Day Celebration, organized by Women study unit (6.03.2020)

7. Won 1 st prize in Gazal competition (Ms. Amrutha R., BA English), 1st Prize in Malayalam Short storey writing (Amass Shekhar, BA Journalism ), 2nd place in Mappila pattu (Rishana, BSc Physcis), 2nd place in Essay writing in Malayamam (Abhay asok, BSc Physics), 2nd place in Gittar (KA Azad, Physics), 2nd place in Malayalam (Debate (Hari & Harishma, Ba Malayalam), 2nd place in Short story writing (Neethukrishnan J R, BA Sanskrit), 3rd place in Bhathanadyam (Male) Competition (Karthik, R, BA Poltics), 3rd place in Mohiniyattam (Devi Nandana) 3rd place in Fancy dress competition (Suvarana S Anil, BA Journalism & Mass Communication), 3rd place in Nadodi nritham (Devi nandana, BA English), 3rd place in MonoAct (Adarsh Johnson, BA philosophy), 3rd place in Sanskrit Elocution (Suraj, Bsc Mathematics), 3rd place in Painting (Yogi J Singh, BA Journalism & Mass Communication), 3rd place in Rangoli (Shilpa) & 3rd place in Thiruvathira competition, Kerala University Youth festival March 02-07, 2020

8. One day seminar on "Recent trends in Space physics & Nano science", under the auspices of AGORA 2020 multidisciplinary Annual Seminar series, organized by Department of History (04.03.2020)

9. One day seminar on "Recent trends in Space physics & Nano science", under the auspices of AGORA 2020 multidisciplinary Annual Seminar series, organized by Department of Physics (04.03.2020)

10. One day seminar on "Sports Ayurveda", under the auspices of AGORA 2020 multidisciplinary Annual Seminar series, organized by Department of Physical Education (03.03.2020)

11. Winning two Gold medal in 400 mtr. Hurdles & 400 mtr race Khelo India, University games (Ms. Sayana P. O) in February 2020

12. One day seminar under the auspices of AGORA 2020 multidisciplinary Annual Seminar series, organized by Department of History (26.02.2020)

13. National Science day Celebrations (Women Science), organized by Department of Physics (28.02.2020)

14. Unveiling Digital tagging system with QR code on woody plants of Botanical Garden, on 27.02.2020

15. One day seminar on "Current trends in Plant science: Perspectives and Priorities", under the auspices of AGORA 2020 multidisciplinary Annual Seminar series, organized by Department of Botany (27.02.2020)

16. One day seminar on "Visual naarrartive- contemporary trends and practices", under the auspices of AGORA 2020 multidisciplinary Annual Seminar series,, organized by Department of Journalism & Mass Communication (25.02.2020)

17. Official Inauguration of AGORA 2020, multidisciplinary Annual Seminar series held on 26.02.2020. Presidential address by Dr. R. Sunilkumar, Principal, Inaugural address by Prof. J. Prabhash, former Pro-vice chancellor, University of Kerala and Key note address by P. K. Pokker, former Director, Kerala Language institute. Dr. P. M. Joshy, Department of Political science convened the programme

18. One day seminar on Carreer opportunities in Indian Airforce, organized by 14 Airmen selection centre (ASC), IAF Kakkanad, Kochi in Assocaition with Career Guidance & Placement Cell (25.02.2020)

19. One day seminar on "Drug discovery from natural sources: recent trnds and advances", under the auspices of AGORA 2020, multidisciplinary Annual Seminar series, organized by Department of Biochemistry (24.02.2020)

20. One day seminar organized by Department of Hindi (23.02.2020)

21. One day seminar organized by Department of Sanskrit (22.02.2020)

22. One day seminar on "Introduction to Representation theory and applications of Mathematics", under the auspices of AGORA 2020 multidisciplinary Annual Seminar series,, organized by Department of Mathematics (21.02.2020)

23. One day seminar on "Problems and prospectus in Indian Economy", under the auspices of AGORA 2020 multidisciplinary Annual Seminar series,, organized by Department of Economics (20.02.2020)

24. One day seminar on "Metagenomics", under the auspices of AGORA 2020 multidisciplinary Annual Seminar series, organized by Department of Biotechnology (20.02.2020)

25. One day seminar on "Wildlife conservation", under the auspices of AGORA 2020 multidisciplinary Annual Seminar series, organized by Department of Zoology (20.02.2020)

26. One day seminar on "Working with deconstruction", under the auspices of AGORA 2020 multidisciplinary Annual Seminar series, organized by Department of English (18.02.2020)

27. One day seminar on "Mitochondria targeted photo dynamic therapy and HSP inhibition in Anti cancer research ", under the auspices of AGORA 2020 multidisciplinary Annual Seminar series, organized by Department of Chemistry (18.02.2020)

28. One day seminar on "Academic ethics & publishing scholarly articles", under the auspices of AGORA 2020 multidisciplinary Annual Seminar series, organized by Department of Library & Information Center (17.02.2020)

29. Workshop on Zumba, organized by Health club & Department of Zoology (14.02.2020)

30. Essay writing competition on Ant ragging, organized by Ant ragging cell (13.02.2020)

31. One day seminar on "Critical thinking and life skill training", under the auspices of AGORA 2020 multidisciplinary Annual Seminar series, organized by Department of Philosophy & Psychology (13.02.2020)

32. One day training programme on Kerala Administrative service Examination, organized by Career guidance & placement cell in association with Kerala State Youth Welfare board (12.02.2020)

33. One day seminar on "Role of Mahakavi bhasha in Sanskrit dramas", under the auspices of AGORA 2020 multidisciplinary Annual Seminar series, organized by Department of Sanskrit (11.02.2020)

34. Training programme on Mushroom cultivation organized by Department of Botany & Koonpura, Thiruvanthapuram (11.02.2020)

35. Orientation class on WWS programme (external Mentoring) 07.02.2020

36. Awareness prograame on Palliative Care, organized by Palliative Care Club & NSS (07.02.2020)

37. Dr N Jayadevan Memorial State level Inter-Collegiate Elocution Competition, Organised by Dept. of Political Science (06.02.2020)

38. Awareness programme on "Corona Virus", Organised by Department of Zoology (05.02.2020)

39. Orientation Class on Success strategies and tips for Bank exams, Organised by Career Guidance & Placement Cell (05.02.2020)

40. Merit Day "Prathibha Sangamam" 2020 : Organised by Kollam Sree Narayana College Alumni Association, Venue: G2 Seminar Hall (31.01.2020)

41. Inauguration of Ek Bharath Shreshtha Bharat Club (30.01.2020)

42. Anti drug awarness campaign 2020, organised by Anti Drug awarness Cell (29.01.2020)

43. Inauguration of Science Club 2020 (27.01.2020)

44. Four NCC Cadets (SCC. Gauri Sankar S, LCdt. Kavya Mohan, NC I Roopesh R., NC I. Anandu P) participated in the Delhi Republic Day Parade 2020 (26.01.2020)

45. National Level Workshop on 'Ethical hacking', organised by Department of Physics with Computer Applications in association with AAKHAAR IIT, Bombay (22.01.2020 to 23.01.2020)

46. International Seminar on 'Current Status & Challenges for Conservation and Utilization of Biodiversity' (ISCCSB 2020),Organized by Department of Zoology, Bhoomithrasena Club & Indian Science Congress Association (Cochin chapter), in association with Dept. of Aquatic Biology, University Of Kerala & Directorate of Environment & Climate Change, Govt.of Kerala (22-24 Jan2020)

47. Orientation programme on 'Strategies to crack Kerala Administrative Service(KAS) Examination 2020, organised by Carrier Guidance & Placement cell (20.01.2020)

48. College Arts Festival 'Chayilyam', jointly organized by Arts Club & College Union (15.01.2020 to 17.01.2020)

49. Quiz Competition on 'Literature and Kerala History, jointly organised by Mathrubhoomi Publications & Quiz Club (13.01.2020)

50. Orientation programme for Class tutors on 'Career prospectus at Indian Institute of Infrastructure and Construction', organized by Carrier Guidance and Placement Cell (10.01.2020)

51. One Day seminar on 'Kavithayum Aswadanavum' & Documentary exhibition on 'Jaliyan Wala Bag', Organized by Department of Malayalam (10.01.2020)

52. NSS 7 Day Camp Inauguration (20.12.2019)

53. 'Christmas celebration 2019' organised by Staff Association & College Union on 19.12.2019

54. Food festival 2019 held on 13.12.2019

57. Campus Selection Drive, jointly organised by Jio Communications & Carrier guidance & Placement Cell (10.12.2019).

58. Orientation programme on First year students, organised by CBCSS & IQAC (8.12.2019)

59. Workshop on Floriculture and Flower arrangement: Principles and practices, organised by Department of Botany (07.01.2020)

60. Orientation programme on 'Gateway to Indian civil service examination', organised by Career guidance and placement cell (03.01.2020)

61. 'Prakasham 2019-20', Elocution-Poetry Competition, organised by Department of Malyalam (17.12.2020)

62. Science Awareness Campaign on Annular Solar Eclipse 2019, jointly organised by Department of Physics & Kerala Sasthra Sahithya Parishad (KSSP) on 07.12.2019

63. 'INSIGHTS 2019', Inauguration of Quiz Club & Inter-departmental Quiz competition, organised by Quiz club & College Union (06.12.2019)

64. National seminar on Civil Society, Secularism and Democrazy in India: Contemporary Challenges, organised by Department of Politics (4th-5th December 2019)

65. Oneday Workshop on E-content development, organised by IQAC (01.12.2019)

66. Inauguration of 'Akshara kalari' & Oneday seminar on 'Tale of Kalyani & Dakshayani' , organised by Department of Malyalam & Central library (02.12.2019)

67. Commemoration of Indian Constitution day, organised by NSS unit (26.11.2019)

68. Oneday seminar on' Development of indigenous art-forms in Sanskrit', organised by Department of Sanskrit ( 26.11.2019)

69. Campus Recruitment Programme, organised by Career Guidance and placement Cell (25.11.2019)

70. Special Lecture on 'Himalayan culture and Tourism' (Sri. Prasoon Prakash), organised by NSS unit (22.11.2019)

71. One day seminar on 'Media politics: The human Body', organised by Department of Malayalam (18.11.2019)

72. Founder's Day & 'R.Sankar Anusmaranam' , inaugurated by Sri. N.K. Premachandran, Member of Parliament (07.11.2019)

73. Self Defence & Awareness Class, Organised By Women Study Unit (22.10.2019)

74. Naval NCC Golden Jubilee Celebrations & ALUMINI MEET (01.09.2019)

75. Ozone Day celebrations 2019 , jointly organised by Department of Chemistry and Kerala State Council for Science Technology and Environment (25.09.2019)

76. Onam celebrations 2019, organised by College Union (06.09.2019)

77. Workshop on Public Finance Management System (PFMS) organised by IQAC (21.08.2019)

78. Awareness Programme on Central & State Scholarships, organised by Scholarship Cell & IQAC (02.08.2019)

PRINCIPAL

# NATIONAL SERVICE SCHEME - NSS














# NATIONAL CADET CORPS - NCC




Sree Narayana College Kollam

# Department of Physical Education

## Annual Report of the Department of Physical Education for the academic year 2019-2020

Department of Physical Education, Sree Narayan College Kollam is one among the best performing department under University of Kerala with many winning achievements to its credit. The College was represented by 32 teams which participated in Intercollegiate tournaments and other state level tournaments. The achievements included National records, state records, Inter-University and University records being set this year. Our students participated in Khelo-India and won medals at National Level. The department have actively contributed to invoking Yoga into the curriculum by conducting classes as well. Students also participated in the National sports events like Women hockey championships, National Athletic meet (men and women), National Rugby, Baseball and softball championships.

In order to promote Yoga and Meditation the department of Physical Education has submitted a proposal to start a Certificate course in Yoga to be supported and funded by the UGC. The department has plans to involve the teachers and the students in yoga programmes. This course once awarded will contribute to improve the skill base and career opportunities to nearly four thousand students as well as staff of the college.

The department also hosted sports seminar on 'Healthy Lifestyle and fitness through Ayurveda' for the students. Experts and doctors from the field of fitness and medicine conducted the seminar. The students of the college were actively involved and they had the opportunity to present papers as well in this seminar.

The sports and games activities started off on a winning note, as the college football team won the North Zone Kerala University Inter Collegiate football tournament and qualified for the Inter Zone tournament. The college hosted the Kerala University Inter zone inter Collegiate Kabaddi men tournament and became the runner up. The college Kabaddi men team were the winners of the Kerala University Inter Collegiate Kabaddi tournament (North Zone) for the second consecutive year which was held at St Michaels College, Cherthala. The College Hockey Men team won the Intercollegiate Hockey tournament for the second consecutive year running and our women hockey team were also winners in the women section.

Our Cross country men and women team were runner-up at the Kerala University Inter Collegiate cross country championship. Our boxing men and women team also performed well at the Kerala University Inter Collegiate boxing championship with individual medals being won. Rugby, baseball and softball men and women team also performed well at the Kerala university Inter Collegiate tournaments. Many of our students were selected to the Kerala University teams in different sports and games and they participated in the Inter University competitions and also National level competitions.

The department of Physical Education conducted coaching camps for Football men, Rugby women, Softball men and women, Kabaddi men and women and Boxing men and women, with the support of qualified coaches from Sports Council and SAI in the campus, which helped in improving the performance of various teams at Kerala University Inter Collegiate level and state level.

The department of Physical Education had undertaken extension activities during this period and had been active in the organisation of the Senior National Women Hockey Championship (2019) held at New Hockey Stadium, Kollam. The roles undertaken by the staff and students were, from being the Convenor of the Programmes committee by the faculty to the students being the Volunteers of F&B committee, to being members of the reception committee, tournament committee, transport committee and field committee. In this National tournament the NCC wing of the college including the NCC officer and the cadets participated and were the formal body which looked after the programmes of the tournament. The NCC unit looked after the discipline and in the implementation of protocols of all the formal programmes at the Nationals.

The NSS unit of the college were actively involved in all the voluntary activities, which included looking after the transportation and accommodation of the players as well as they were also in charge of the front reception desk which helped in information and guidance. At the Senior National Women Hockey Championship the department of Physical Education played a major role in extending its support to organising this tournament as it coordinated the NCC and NSS wing along with the players of the college in the smooth conducting of a successful tournament.

The intramurals were a part of the sports programme and in accordance with this the sports club of the college conducted the First Inter Class Football tournament in memory of Anith(III Dc Botany) who was a football player, in which 17 departments participated. Department of Sanskrit won this tournament. As part of the annual athletic meet which was scheduled to be held in March due to examinations, the department conducted the inter department football tournament which was won again by the Sanskrit department. The department also organised various short term training programme in fitness for the students bringing expert coaches and trainers.

The future plans of the department includes introducing basic wellness principles and practices of Yoga in daily life to staff and students and to bring awareness of the fundamentals of health and fitness to the college through various programmes which includes awareness programmes, seminars, workshops and training programmes, using Audio visual aids and by expert participations.

# കൊട്ടിക്കലാശം













കൊട്ടിക്കലാശം കൂടുതൽ ചിത്രങ്ങൾ
കാണുന്നതിന് ക്യൂ.ആർ കോഡ് സ്കാൻ ചെയ്യുക








# കോളേജ്
## യൂണിയൻ ഉദ്ഘാടനം










# കലോത്സവ വിജയികൾ



മലയാളം ഡിബേറ്റ്
രണ്ടാം സ്ഥാനം
**ഹരിവിന്ദ്നാഥ് വി ബി**
**ഹരിഷ്മ എസ് എൽ**



മലയാളം കഥാ രചന
ഒന്നാം സ്ഥാനം
**അമാസ് ശേഖർ**




മോഹിനിയാട്ടം
മൂന്നാം സ്ഥാനം
**ദേവി നന്ദന**



പെയിന്റിങ്
മൂന്നാം സ്ഥാനം
**യോജി.ജെ.സിംഗ്**



സ്ട്രിങ് ഇൻസ്ട്രമെന്റ്
( ഗിത്താർ)- രണ്ടാം
സ്ഥാനം
**കെ.എ അസദ്**




ഫാൻസി ഡ്രസ്സ്
മൂന്നാം സ്ഥാനം
**സുപർണ്ണ**



ഗസൽ - ഒന്നാം സ്ഥാനം
**അമൃത ആർ**




രംഗോലി മൂന്നാം സ്ഥാനം
**ശിൽപ്പ എസ് കുമാർ**



മോണോ ആക്ട്
മൂന്നാം സ്ഥാനം
**ആദർശ് ജോൺസൻ**




സംസ്കൃതം കഥാരചന
രണ്ടാം സ്ഥാനം
**നീതു കൃഷ്ണൻ**



കേരള നടനം
രണ്ടാം സ്ഥാനം
**കാർത്തിക് ആർ**



മാപ്പിള പാട്ട് -
രണ്ടാം സ്ഥാനം
**റിഷാന എ**



സംസ്കൃത പ്രസംഗം
മൂന്നാം സ്ഥാനം
**സൂരജ് എസ്**



മലയാളം ഉപന്യാസ രചന
രണ്ടാം സ്ഥാനം
**അജയ് അശോക്**






WE
REJECT
ശ്രീനാരായണ കോളേജ്, കൊല്ലം
കലാലയ യൂണിയൻ 2019-20




കലോത്സവം














ഓർമ്മകൾ


KMML
Spreading Splendour
കെ.എം.എം.എൽ
ഇന്ത്യയിൽ റൂട്ടൈൽ ഗ്രേഡ് ടൈറ്റാനിയം
ഡയോക്സൈഡ് ഉൽപ്പാദിപ്പിക്കുന്ന
ഏക സ്ഥാപനമാണ്.
ദി കേരള മിനറൽസ് & മെറ്റൽസ് ലിമിറ്റഡ്
ഒരു ISO 9001, ISO 14001, OHSAS 18001.SA 8000 അംഗീകൃത സ്ഥാപനം)
രജിസ്ട്രേഡ് ഓഫീസ് : പോസ്റ്റ് ബാഗ് നമ്പർ 4, ചവറ, കൊല്ലം 691 583
ഫോൺ: 0476-2686722, ഫാക്സ് 0476-2680101
ഞങ്ങൾ പരിസ്ഥിതി സംരക്ഷണത്തിലും,
സാമൂഹ്യ ക്ഷേമപ്രവർത്തനങ്ങളിലും
പ്രതിജ്ഞാബദ്ധരാണ്.

# കാക്ക പങ്ക്

എന്റെ കാക്കയെ നിങ്ങൾ പകുത്തോളിൻ
എന്റെ കാക്കയെ മാത്രമെനിക്ക് തരിൻ

kakapanku20@gmail.com